# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 21/185/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/03/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നിലമ്പൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം(ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ എം പി എം 21/185/2024 തീയ്യതി: 02/03/2024

## മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 09-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-02-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 25-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാട്ടുമ്മൽ സലീം | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ.ബിനുജി.ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷമീർ എം | ഹെൽത്ത് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റനീഷ ബക്കർ | കൃഷി ഓഫീസർ | 01-04-2022 | 25-04-2022 |
| | | 30-04-2022 | 27-07-2022 |
| ശ്രീ ഉമ്മർ കോയ സി ടി | കൃഷി ഓഫീസർ | 26-04-2022 | 29-04-2022 |
| ശ്രീമതി.നീതു തങ്കം സി | കൃഷി ഓഫീസർ | 28-07-2022 | 05-08-2022 |
| ശ്രീമതി.രജനി എം.കെ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീ ശ്യാംകുമാർ പി കെ | പ്രൊജക്റ്റ് ഓഫീസർ | 01-04-2022 | 14-09-2022 |
| ശ്രീ ഡിന്റോ കെ പി | പ്രൊജക്റ്റ് ഓഫീസർ ഇൻ ചാർജ് | 15-09-2022 | 25-09-2022 |
| | | 08-12-2022 | 08-01-2023 |
| ശ്രീ.ജോൺ സി ജോയ് | പ്രൊജക്റ്റ് ഓഫീസർ | 26-09-2022 | 07-12-2022 |
| ശ്രീ. സുധീർ ടി | പ്രൊജക്റ്റ് ഓഫീസർ | 09-01-2023 | 31-01-2023 |
| ശ്രീ. അഫ്സൽ.സി. | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.അബൂബക്കർ.എൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ പീറ്റർ | പ്രിൻസിപ്പാൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുഹൈറത്ത്.കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 28-02-2023 |
| ശ്രീമതി.സലീന ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-03-2023 | 31-03-2023 |
| ഡോ.ഷൗക്കത്തലി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഹബീബ.പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്റ്റെല്ല കെ | ഹെഡ് മിസ്ട്രസ് (എച്ച് എം ജി എൽ പി സ്കൂൾ,വീട്ടിക്കുത്ത്)) | 01-04-2022 | 06-07-2022 |
| ശ്രീമതി.സോളി തോമസ് | ഹെഡ് മിസ്ട്രസ് (എച്ച് എം ജി എൽ പി സ്കൂൾ,മാമങ്കര) | 07-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | Depreciation കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-1-3 |
| 5 | AUEGS പദ്ധതി- തുക വ്യത്യാസം | 1-1-4 |
| 6 | ലോൺ സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. | 1-1-5 |
| 7 | B-4 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായില്ല. | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല | 1-1-7 |
| 9 | Deposit Works -Expenditure - വിവരം ലഭ്യമാക്കിയില്ല. | 1-1-8 |
| 10 | വാർഷിക കണക്ക്,ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ തുക വ്യത്യാസം | 1-1-9 |
| 11 | രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല | 1-1-10 |
| 12 | ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ വ്യത്യാസം | 1-1-11 |
| 13 | ഓഡിറ്റ് റിക്കവറി അക്കൗണ്ട് ചെയ്തില്ല. | 1-1-12 |
| 14 | Interest On Deposit - വിവരം ലഭ്യമാക്കിയില്ല. | 1-1-13 |
| 15 | വികസനഫണ്ട് (ജനറൽ),എസ് സി പി ഫണ്ടിനങ്ങളിൽ ചെലവു തുക വ്യത്യാസം | 1-1-14 |
| 16 | സി എഫ് സി ഫണ്ട്- വിവരം ലഭ്യമായില്ല. | 1-1-15 |
| 17 | തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയില്ല. | 1-1-16 |
| 18 | സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല | 1-1-17 |
| 19 | Suspense ഇനത്തിൽ രേഖപ്പെടുത്തിയ തുക - വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-18 |
| 20 | പ്രതിമാസം പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-19 |
| 21 | Directlly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-1-20 |
| 22 | Directlly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-1-21 |
| 23 | മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 29 | ക്ഷേമപദ്ധതികൾ | 1-7 |
| 30 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | തനതു വരുമാനം-അവലോകനം | 1-11 |
| 34 | നിക്ഷേപ പ്രവൃത്തികൾ -അവലോകനം | 1-12 |
| 35 | ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം -സർക്കാർ അനുമതിപത്രം ലഭ്യമാക്കേണ്ടതാണ്. | 1-13 |

| | | |
|---|---|---|
| 36 | മുൻകുറുകൾ ക്രമീകരിച്ചില്ല. | 1-14 |
| 37 | കൺവീനർ പ്രവൃത്തികളിൽ തുക അധികം നൽകി. | 1-15 |
| 38 | സ്ഥാപിക്കാത്ത ഗ്രാനൈറ്റ് ബോർഡിനു പണം നൽകി ₹ 7377അധികച്ചെലവ്. | 1-16 |
| 39 | S T കോളനികളിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളുമൊരുക്കൽ; അപാകതകൾ. | 1-17 |
| 40 | തൊഴിൽ നികുതി അപാകതകൾ | 1-18 |
| 41 | തൊഴിൽ നികുതി -രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-18-1 |
| 42 | നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-19 |
| 43 | കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കണം. | 1-20 |
| 44 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 45 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-21-1 |
| 46 | അഗതിരഹിത കേരളം - തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 47 | അർബൻ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ - വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല. | 1-23 |
| 48 | പരിരക്ഷ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-24 |
| 49 | മുനിസിപ്പൽ എഞ്ചിനിയറുടെ ഓഫീസിലെ വരവ് ചെലവ് അക്കൗണ്ടിംഗ്. അപാകതകൾ | 1-25 |
| 50 | കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. | 1-26 |
| 51 | പി.എം.എ.വൈ ലൈഫ് പാർപ്പിട പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 52 | കുടുംബശ്രീ കാർഷിക വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല - 2,00,000/- രൂപ പാഴ് ചെലവായി. | 1-28 |
| 53 | സമഗ്ര നെൽകൃഷി വികസനം - വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ കുമ്മായം വാങ്ങി. | 1-29 |
| 54 | വീട് വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 55 | എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 56 | മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 1-32 |
| 57 | കന്നുകുട്ടി വിതരണം-ഇൻഷൂർ വിവരം ലഭ്യമല്ല | 1-33 |
| 58 | കോഴിവളർത്തൽ- വിതരണ വിവരം ലഭ്യമല്ല | 1-34 |
| 59 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ–കട്ടിൽ വിതരണം- അപാകതകൾ | 1-35 |
| 60 | പകൽവീട്- രേഖകൾ ലഭ്യമല്ല. | 1-36 |
| 61 | അങ്കണവാടി സ്മാർട്ടാക്കൽ - അപാകതകൾ | 1-37 |
| 62 | സാമൂഹ്യസുരക്ഷാ മിഷന് വിഹിതം-അനുബന്ധ രേഖകൾ ലഭ്യമല്ല. | 1-38 |
| 63 | രജിസ്ട്രേഷനുള്ള വായനശാലകൾക്ക് പത്രമാസികകൾ നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-39 |
| 64 | വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല. | 1-40 |
| 65 | ഹെൽത്ത് ഓഫീസർ– കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. | 1-41 |
| 66 | സ്ഥാപനങ്ങളിൽ സാനിറ്ററി പാഡ് ഇൻസിനറേറ്റർ സ്ഥാപിക്കൽ -അപാകതകൾ. | 1-42 |
| 67 | ബയോ ബിൻ വിതരണം- അപാകതകൾ | 1-43 |
| 68 | അനധികൃത നിർമ്മാണം-ഉടർ നടപടി സ്വീകരിച്ചില്ല. | 1-44 |
| 69 | അനധികൃത നിർമ്മാണങ്ങൾ - നടപടി സ്വീകരിക്കേണ്ടതാണ്. | 1-45 |
| 70 | SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങലുകൾ നടത്തി | 1-46 |
| 71 | പാലിയേറ്റീവ് ഉപകരണങ്ങൾ - ഉപയോഗപ്പെടുത്തുന്നില്ല. | 1-47 |
| 72 | മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നില്ല | 1-48 |
| 73 | സെൻട്രൽ പെൻഷൻ ഫണ്ട് - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-49 |
| 74 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ | 1-50 |

| | | |
|---|---|---|
| 75 | വെള്ളക്കരം - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശിക | 1-51 |
| 76 | വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പരിശോധന -അപാകതകൾ | 1-52 |
| 77 | തെരുവ് വിളക്ക് പരിപാലനം; വിശദവിവരം ലഭ്യമാക്കേണ്ടതാണ്. | 1-53 |
| 78 | തെരുവു വിളക്കുകളുടെ എ എം സി- അപാകതകകൾ | 1-54 |
| 79 | സെക്രട്ടറിയുടെ ശമ്പളം തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-55 |
| 80 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല. | 1-56 |
| 81 | സ്റ്റോക്ക് ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല. | 1-56-1 |
| 82 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല. | 1-56-2 |
| 83 | ഇലക്ടിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-56-3 |
| 84 | നഗരസഭ ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - അപാകതകൾ | 1-57 |
| 85 | വയോജനങ്ങൾക്ക് കട്ടിൽ (എസ് സി ) പദ്ധതി - അപാകതകൾ | 1-58 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.06.2023 തീയതിയിലെ 3 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**സ്ഥലം : മലപ്പുറം**
**തീയതി**

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) റൂൾസ് 58 (2) (E),(F),(3) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ,

വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-3 Depreciation കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.**

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

**1-1-4 AUEGS പദ്ധതി- തുക വ്യത്യാസം**

AUEGS പദ്ധതിയിൽ താഴെ പറയും പ്രകാരം വാർഷികകണക്കിലും കാഷ്ബുക്ക് പ്രകാരവും തുക വ്യത്യാസം

| ഇനം. | വാർഷികകണക്ക് പ്രകാരം തുക | കാഷ് ബുക്ക് പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2,80,523 | 1,78,797 | 1,01,726 |
| വരവ് | ലഭ്യമല്ല | 1,50,05,344 | - |
| നീക്കിയിരിപ്പ് | 1,03,255 | 1,529 | 1,01,726 |

**1-1-5 ലോൺ സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.**

ലോൺ രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 ൽ രേഖപ്പെടുത്തിയ തുകയുടെ (6,65,77,722 രൂപ ) ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**1-1-6 B-4 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായില്ല.**

പ്രത്യേകം വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-4 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**1-1-7 അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല**

അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B -17 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**1-1-8 Deposit Works -Expenditure - വിവരം ലഭ്യമാക്കിയില്ല.**

Deposit Works -Expenditure സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-19 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ Deposit Works -Expenditure -16,000 രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**1-1-9 വാർഷിക കണക്ക്,ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ തുക വ്യത്യാസം**

പി പി ആർ ആക്റ്റ് വരവ് രജിസ്റ്റർ പ്രകാരം 23,481 രൂപ, വാർഷിക കണക്ക് പ്രകാരം 12,460 രൂപ.വ്യത്യാസം 11,021 രൂപ . ലൈസൻസ് ഫീസ് കുടിശ്ശിക രജിസ്റ്റർ പ്രകാരം ബാലൻസ് 96,534 രൂപ. എന്നാൽ വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 114534 രൂപ .വ്യത്യാസം 18,000 രൂപ.

**1-1-10 രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല**

രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ താഴെ പറയുന്ന വാർഷിക കണക്കിൽ രേഖപ്പെടുത്തിയ വിവിധ ഇനങ്ങളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

| ഇനം | തുക |
|---|---|
| Sale Of Tender Form | 3228 |
| Sale Of Forms(Others) | 26432 |
| Sale Of Srap | 2500 |
| Rent On Stadium | 37200 |
| Regularisation Fees | 245343 |
| Profession Tax Traders Current (Collection) | 20,67,825 |
| Profession Tax Emplyees (Collection) | 68,58,221 |

### 1-1-11 ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ വ്യത്യാസം

ജനറൽ പർപ്പസ് ഗ്രാന്റ് എ സി ആർ പ്രകാരം വരവ് 3,91,48,500 രൂപ എന്നാൽ വാർഷികകണക്കിൽ ആയത് 2,28,62,000 രൂപ.വ്യത്യാസം 1,62,86,500 രൂപ .

### 1-1-12 ഓഡിറ്റ് റിക്കവറി അക്കൗണ്ട് ചെയ്തില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ 57,792 രൂപ തൻവർഷം വരവുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-13 Interest On Deposit - വിവരം ലഭ്യമാക്കിയില്ല.

Interest On Deposit ഇനത്തിൽ 8 രൂപ വാർഷികകണക്കിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-14 വികസനഫണ്ട് (ജനറൽ),എസ് സി പി ഫണ്ടിനങ്ങളിൽ ചെലവ് തുക വ്യത്യാസം

വികസനഫണ്ട് (ജനറൽ),എസ് സി പി ഫണ്ടിനങ്ങളിൽ വിവധ പത്രികകൾ/രജിസ്റ്ററുകൾ തമ്മിൽ താഴെ പറയും പ്രകാരം ചെലവ് തുകയിൽ വ്യത്യാസം കാണുന്നു.

| ഇനം | എ സി ആർ പ്രകാരം തുക | ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം തുക | വ്യത്യാസം | ജി.ഒ. പ്രോജക്ക്റ്റ് തുക | ഗ്രാന്റ് സ്റ്റേറ്റുമെന്റ് തുകയിൽ നിന്നും ജി. ഒ. പ്രോജക്ക്റ്റ് തുക കുറച്ചാൽ വരുന്ന വ്യത്യാസം |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 3,26,64,643 | 3,87,92,577 | 61,27,934 | 62,52,934 | 1,25,000 |
| എസ് സി പി | 1,24,33,921 | 1,28,57,255 | 4,23,334 | 4,73,334 | 50,000 |

എന്നാൽ വാർഷിക കണക്കിൽ വികസനഫണ്ട് (ജനറൽ) ഇനത്തിൽ 3,25,39,643 രൂപയും എസ് സി പി ഇനത്തിൽ 1,23,83,921 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-15 സി എഫ് സി ഫണ്ട്- വിവരം ലഭ്യമായില്ല.

സി എഫ് സി (ടൈഡ്),സി എഫ് സി (അൺ ടൈഡ്) ഇനങ്ങളിലെ തുക വിനിയോഗം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B -4ലും രശീത് ആന്റ് പേമെന്റ് പത്രികയിലും രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

### 1-1-16 തുകകൾ പൂർണ്ണ രൂപയിൽ രേഖപെടുത്തിയില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-17 സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 73(2) പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.( B-14 Stock In Hand (Inventories)). ആയതിനാൽ ഷെഡ്യൂൾ B-14 ൽ രേഖപ്പെടുത്തിയ Purchase Of Materials- (Stores) ഇനത്തിൽ രേഖപ്പെടുത്തിയ 925 രൂപയുടെയും ,Purchase Of Maerials -Ohers ഇനത്തിൽ രേഖപ്പെടുത്തിയ 3,24,448 രൂപയുടെയും ആധികാരികത പരിശോധിക്കാനായിട്ടില്ല.

### 1-1-18 Suspense ഇനത്തിൽ രേഖപെടുത്തിയ തുക - വിശദാംശങ്ങൾ ലഭ്യമല്ല.

ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-1 ൽ Suspense ഇനത്തിൽ 85,63,139 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഏത് ഇനങ്ങളിൽ വരവായി ലഭ്യമായതാണ് എന്നതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

### 1-1-19 പ്രതിമാസം പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 53 പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും പൊരുത്തപ്പെടുത്തി അടുത്തമാസം അഞ്ചാംതീയ്യതിക്കകം /ഏഴാ തീയ്യതിക്കകം പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷയപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ആയത് പാലിക്കുന്നില്ല. വർഷാവസാനം മാത്രമാണ് അപ്രകാരം ചെയ്തിട്ടുള്ളത് ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

### 1-1-20 Directlly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ബാങ്ക് / ട്രഷറി സ്റ്റേറ്റുമെന്റുകളിലെ Directlly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-1-21 Directlly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ബാങ്ക് / ട്രഷറി സ്റ്റേറ്റുമെന്റുകളിലെ Directlly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-1-22 മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷത്തിലേക്ക് മാറ്റിയിട്ടില്ല.

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/16-03-2022 | 3/22-06-2023 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 8,91,88,919.45 |
| വരവ് | 20,40,70,048 |
| ആകെ | 293,258,967.45 |
| ചെലവ് | 19,88,66,833 |
| നീക്കിയിരിപ്പ് | 9,43,92,134.45 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 3,51,03,066 | 3,51,03,066 | 3,26,64,643 | 24,38,423 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1,41,20,332 | 1,41,20,332 | 1,24,33,921 | 16,86,411 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 50,53,444 | 50,53,444 | 27,36,911 | 23,16,533 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 93,89,696 | 93,89,696 | 93,89,696 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1,35,58,000 | 1,35,58,000 | 1,35,58,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 1,99,75,792 | 1,99,75,792 | 2,12,27,174 | -12,51,382 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്(ടൈഡ്) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 65,14,500 | 65,14,500 | 1,36,55,562 | -71,41,062 |
| ബി ഫണ്ട് | 0 | 6,71,54,400 | 6,71,54,400 | 6,71,54,400 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 22,14,67,419 | 181 | 130802998 | | 95 | 65.57 |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 1,78,797 | 1,50,05,344 | 15184141 | 15182612 | 1529 |

കുറിപ്പ്

നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകത വാർഷിക കണക്കിലെ അപാകതയായി ഖണ്ഡിക 1-1-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി വേതനം | 29.39,200 | 289 |
| വിധവാ പെൻഷൻ | 212,72,100 | 2006 |
| വാർദ്ധക്യകാല പെൻഷൻ | 346,27,900 | 3431 |
| വികലാംഗ പെൻഷൻ | 64,32,400 | 608 |
| വിവാഹ ധനസഹായം | 1,50,000 | 5 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17,32,800 | 170 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-01-2024 ന് 2.25ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17275/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചറുകളിൽ ചെലവിനാധാരമായ കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതും,കൃത്യമായ ചെലവുരേഖകൾ ഉള്ളടക്കം ചെയ്യേണ്ടതും ചെലവ് സംബന്ധിച്ച കൗൺസിൽ തീരുമാനം രേഖപ്പെടുത്തേണ്ടതും ചെയർമാൻ ഒപ്പിട്ട് അംഗീകൃതമാക്കേണ്ടതുമാണ് .എന്നാൽ ആയത് പാലിക്കപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

2)കേരള ഫിനാൻഷ്യൽ കോഡ് വാല്യം I 120 മുതൽ 162വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്.ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

3)ജി ഒ (പി) നം. 259/2010/ ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരം പെറ്റി പർച്ചേസ് 15,000 രൂപ വരെയാണ് .അതിനുമുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. എന്നാൽ ആയത് മിക്ക സമാഹരണത്തിലും പാലിക്കപ്പെടുന്നില്ല.(ഉദാഹരണങ്ങൾ ഭാഗം ഒന്നിൽ പരാമർശിച്ചിട്ടുണ്ട്.)

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേർന്നതൊഴിച്ചാൽ പ്രവർത്തനം പേരിൽ മാത്രമാണ്. 2022-23 വർഷത്തെ പ്രോജക്ടുകളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

5)തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, മുതലായവ സംബന്ധിച്ച് കെഎസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക നഗരസഭ മാസം തോറും അടവാക്കുന്നുണ്ടെങ്കിലും നഗരസഭയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും കൃത്യമായ വിവരം നഗരസഭയിൽ ഇല്ല. തൻവർഷവും തെരുവ് വിളക്കുകളുടെ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും ആയവ സംബന്ധിച്ചും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6) നഗരസഭയുടെ വാർഷികകണക്ക്,പ്രസ്തുത സ്ഥാപനത്തിന്റെ ശരിയായ ആസ്തി ബാധ്യതകളെ / വരവ് ചെലവുകളെ പ്രതിഫലിപ്പിക്കുന്ന പത്രികയായിരിക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇക്കാര്യത്തിൽ സൂക്ഷ്മത പുലർത്തുന്നില്ലെന്ന് വ്യക്തമാണ് .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2013 | 2011-12 | 11.04.2014 |
| എ ജി ഓഡിറ്റ് | 07.09.2018 | 2014-15 മുതൽ 2017-18വരെ | 05.11.2018 |

## 1-11 തനതു വരുമാനം-അവലോകനം

തനതു വരുമാനം- നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**I) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിൽ മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്.

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 35 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും മുൻ വർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടന്നിട്ടില്ല. തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല. 26-11-2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയി യോഗത്തിൽ ടർഫുകൾക്ക് വർഷത്തിൽ 10000/- രൂപ ഫീസ് ഇനത്തിൽ ഈടാക്കണമെന്ന് നിർദ്ദേശം വന്നിരുന്നുവെങ്കിലും ആയതിന്റെ തുടർനടപടി വിവരം ലഭ്യമല്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. നഗരസഭയുടെ പ്രധാന നികുതി വരുമാന ങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ്. നികുതിയേതര വരുമാന മാർഗങ്ങൾ ലൈസൻസ് ഫീസ്, വാടക, ബസ്സ്റ്റാൻറ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ്, ബസ്സ്റ്റാന്റിൽ TVസ്ഥാപിച്ച് പരസ്യം ചെയ്യൽ ,കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, വിവിധയിനം രജിസ്ട്രേഷൻ ഫീസ്, ലൈബ്രറി, ക്രിമിറ്റോറിയം ഫീ എന്നിവയുമാണ്.

**II) വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്തു പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ നഗരസഭ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നഗരസഭ കൗൺസിന്റെ 20-04-2023 ലെ 13ാം നമ്പർ തീരുമാന പ്രകാരം 11-05-2023 ന് പ്രാഥമിക വിജ്ഞാപനവും 25-09-2023ലെ 1ാം തീരുമാന പ്രകാരം 29-09-23 ന് അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

3).മേഖലാ തരംതിരിവ്, റോഡുകളുടെ വർഗീകരണം, പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പരിഗണിക്കാതെ 2013ലെ മേഖല വിഭജനം നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് മാപ്പിൽ വഴി സൗകര്യം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). യു.എ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. യു.എ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾക്ക് 3 ഇരട്ടി വസ്തുനികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. നഗരസഭയിൽ ഇപ്രകാരം ലഭിച്ച 300 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. ആയത് പൂർത്തീകരിച്ചിട്ടില്ല. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ ഖണ്ഡിക 15പ്രകാരം GIS സംവിധാനം മുഖേനെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ കുറ്റമറ്റരീതിയിൽ കെട്ടിട വിവരങ്ങൾ ഏതെങ്കിലും നഗരസഭ ശേഖരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കാവുന്നതാണ്.ആയത് പ്രകാരം നഗരസഭയുടെ GIS മാപ്പിംഗ് പദ്ധതി പ്രകാരം (13/24 ആസ്തി സംരക്ഷണത്തിനായി GIS മാപ്പിംഗ്) കരകുളം ഗ്രാമീണ പഠന കേന്ദ്രം ,തിരുവനന്തപുരം എന്ന സ്ഥാപനം

ശേഖരിക്കുന്ന കെട്ടിട വിവരങ്ങൾ നഗരസഭയുടെ വസ്തുനികുതി പരിഷ്കരണത്തിന് വിനിയോഗിക്കുന്നതിന് വേണ്ടി ഉപയോഗിക്കാവുന്നതും ടി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാവുന്നതാണെന്ന് നഗരസഭ തീരുമാനിച്ചിട്ടുണ്ട്. 01-04-2023 ലെ വസ്തു നികുതി പരിഷ്കരണം ആകെയുള്ള 33വാർഡുകളിൽ 16 എണ്ണം പൂർത്തിയായിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ 15,52,949/-രൂപ കുടിശ്ശിക (2022-23 AFS പ്രകാരം)ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)സർവ്വീസ് ചാർജ്

കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285ാം അനുഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം സർവ്വീസ് ചാർജ് ഈടാക്കുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| പൂർണ്ണതോതിൽ | വസ്തു നികുതിയുടെ 75% |
| ഭാഗികം | വസ്തു നികുതിയുടെ 50% |
| സേവനം ലഭ്യമാകാത്തതിന് | വസ്തു നികുതിയുടെ 10% |

**7)സേവന ഉപനികുതി**

താഴെപറയുന്ന പ്രകാരം നഗരസഭ ചുവടെ ചേർക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| ജല വിതരണം | വസ്തു നികുതിയുടെ 3% |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% |

8)സർ ചാർജ്

നഗരസഭ ഏതെങ്കിലും പദ്ധതിക്കോ പ്ലാനിനോ വേണ്ടി അസാധാരണ ചെലവ് നടത്തുന്ന മുറക്ക് ബന്ധപ്പെട്ട പ്രദേശത്തെ വസ്തുനികുതിയിൻമേലുള്ള സർചാർജ് ഭാവിയിൽ നിർണ്ണയിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

**III)തൊഴിൽ നികുതി**

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/ വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 9 പ്രകാരം സെക്രട്ടറി നികുതിദായകരുടെ തൊഴിൽ നികുതി തിട്ടപ്പെടുത്തി അടവാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും മുനിസിപ്പാലിറ്റി പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നഗരസഭ ഈടാക്കുന്നില്ല. റേഷൻ കടകൾക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 3(2)പ്രകാരം, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, ടാക്സി ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംപൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു.

4.കേരളാ മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതിയിനത്തിൽ 4,57,614/-രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**IV).ലൈസൻസ് ഫീസ്.**

കാലികമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 1,722 സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീ പിരിച്ചെടുത്തിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈസൻസ് ഫീ ഇനത്തിൽ 1,25,034/-രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**V).വാടക**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിൽ 1,43,825/-രൂപ കുടിശ്ശിക (രജിസ്റ്റർ പ്രകാരം)ഉണ്ട്. വാർഷിക കണക്ക് പ്രകാരം ഇത് 393424/- രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല. കുടിശ്ശിക തുക പൊരുത്തപ്പെടുത്തി ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**VI).വിനോദ നികുതി**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഒരു തിയറ്ററിൽ നിന്നും നഗരസഭയ്ക്ക് വിനോദ നികുതി ലഭിക്കുന്നുണ്ട്. ഈ ഇനത്തിൽ തൻവർഷം 35,98,243/-രൂപ വരവുണ്ട്. വിനോദ നികുതിയിനത്തിൽ 1,81,344/-രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

VII.മറ്റിനങ്ങൾ

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

മുനിസിപ്പാലിറ്റി ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

പതിനാലാം പഞ്ചവൽസരപദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ (സ ഉ (കൈ) നം 86/2022/LSGD തീ.19.04.2022 ) ഖ 5.1 (3,4,5,6,7,8,9) പ്രകാരം തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പൊതുനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.(എൻക്വയറി നം:40/25.1.24)

## 1-12 നിക്ഷേപ പ്രവൃത്തികൾ -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണ്ണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയലിൽ/പുനരഭിപ്രായക്കുറിപ്പ് പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുകയുടെ പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല.

| പ്രോജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 33/13 കട്ടികുന്ന് കുടിവെള്ളപദ്ധതി | 2012-13 | KWA | 50,000 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 50,000 |
| മുനിസിപ്പൽ ഏരിയയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>ബിൽ നം.43/16-17 തി. 29.03.2017<br>പ്രോജക്റ്റ് നം.419/17 | 2016-17 | കെ എസ് ഇ ബി | 160435<br>(സി എഫ് സി) | ലഭ്യമാക്കിയിട്ടില്ല. | 160435 |
| വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ<br>ബിൽ നം 44/16-17തി. 30.03.2017<br>പ്രോജക്റ്റ് നം.447/17 | 2016-17 | KWA | 138168<br>(സി എഫ് സി) | ലഭ്യമാക്കിയിട്ടില്ല. | 138168 |
| നെട്ടുമുണ്ടക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ<br>ബിൽ നം 46/16-17തി. 30.03.2017<br>പ്രോജക്റ്റ് നം.447/17 | 2016-17 | KWA | 50,000(സി എഫ് സി) | ലഭ്യമാക്കിയിട്ടില്ല. | 50,000 |
| സമ്പൂർണ്ണ വൈദ്യുതീകരണം<br>ബിൽ നം 1/16-17തി. 23.02.2017<br>2,00,000/-<br>ബിൽ നം 2/16-17തി. 23.02.2017<br>1,37,395/- | 2016-17 | കെ എസ് ഇ ബി | 337395 | ലഭ്യമാക്കിയിട്ടില്ല. | 337395 |
| പൈപ്പ് ലൈൻ നീട്ടൽ (ജനറൽ)<br>ബിൽ നം<br>36/18-19/13.02.19<br>പ്രോജക്റ്റ് നം.27/19 | 2018-19 | KWA | 55,00,000<br>(സി എഫ് സി) | ലഭ്യമാക്കിയിട്ടില്ല. | 55,00,000 |
| പൈപ്പ് ലൈൻ നീട്ടൽ(എസ് സി )<br>ബിൽ നം<br>05/18-19/14.05.18<br>പ്രോജക്റ്റ് നം.339/19 | 2018-19 | KWA | 13,99,000<br>(എസ് സി പി ) | ലഭ്യമാക്കിയിട്ടില്ല. | 13,99,000 |
| നഗരസഭയിലെ വിവിധ | 2018-19 | KWA | 1095345 | ലഭ്യമാക്കിയിട്ടില്ല. | 1095345 |

| | | | | | |
|---|---|---|---|---|---|
| ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ രണ്ടാം ഘട്ടം - ജനറൽ<br>പ്രോജക്റ്റ് നം.441/19 | | | (വികസനഫണ്ട് ജനറൽ) | | |
| സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ<br>ചെക്ക് നം. 871038/14.05.18<br>പ്രോജക്റ്റ് നം.423/19 | 2018-19 | കെ എസ് ഇ ബി | 1,72,692<br>(തനത് ഫണ്ട്) | ലഭ്യമാക്കിയിട്ടില്ല. | 1,72,692 |
| നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ<br>ബിൽ നം<br>20150747001001408878 | 2020-21 | KWA | 5042400 | ലഭ്യമാക്കിയിട്ടില്ല. | 5042400 |
| അരുവാക്കോട് എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ<br>ബിൽ നം.39/16-17<br>തി. 30.03.2017 | 2016-17 | KWA | 560000 | ലഭ്യമാക്കിയിട്ടില്ല. | 560000 |
| പൈപ്പ് ലൈൻ നീട്ടൽ (ജനറൽ)<br>പ്രോജക്റ്റ് നം.235/22<br>ബിൽ നം. 22101747/22.03.2022 | 2021-22 | KWA | 5748410 | ലഭ്യമാക്കിയിട്ടില്ല. | 5748410 |
| രാമംകുത്ത് ഗാർഹിക കുടിവെള്ള കണക്ഷൻ- പ്രോജക്റ്റ് നം.252/22<br>ബിൽ നം. 47/21-22/30.03.2022 | 2021-22 | KWA | 430000 | ലഭ്യമാക്കിയിട്ടില്ല. | 430000 |
| പൈപ്പ് ലൈൻ നീട്ടൽ. (ജനറൽ)<br>രണ്ടാം ഘട്ടം<br>പ്രോജക്റ്റ് നം.254/22<br>ബിൽ നം. 46/21-22/30.03.2022 | 2021-22 | KWA | 1309950 | ലഭ്യമാക്കിയിട്ടില്ല. | 1309950 |
| രാമംകുത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ.<br>പ്രോജക്റ്റ് നം.207/22<br>ബിൽ നം. 22101108/11.01.2022 | 2021-22 | KSEB | 462324 | ലഭ്യമാക്കിയിട്ടില്ല | 462324 |

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/22-23/19.01.24- മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം -സർക്കാർ അനുമതിപത്രം

**ലഭ്യമാക്കേണ്ടതാണ്.**

2022-23 വർഷത്തിൽ താഴെ പറയും പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം അനുവദിച്ചിട്ടുണ്ട്.

| ക്രമനം. | ജീവനക്കാരന്റെ പേര് / തസ്തിക | റിമാർക്സ് |
|---|---|---|
| 1 | ശ്രീമതി. വജീന വി.ടി | വർഷം മുഴുവൻ പ്രവർത്തി ദിനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ടിയാൾ ജോലി ചെയ്തു ആദ്യം 675 (3/22,4/22,5/22 മാസങ്ങളിൽ) രൂപ നിരക്കിലും പിന്നീടുള്ളമാസങ്ങളിൽ 645 രൂപ നിരക്കിലും വേതനം കൈപ്പറ്റി<br>എന്ത് തസ്തികയിൽ എന്ത് ജോലി ചെയ്തുവെന്ന് വ്യക്തമല്ല. |
| 2 | ശ്രീ. മുഹമ്മദ് സഹീർ പി പി | വർഷം മുഴുവൻ പ്രവർത്തി ദിനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ടിയാൾ ജോലി ചെയ്തു ആദ്യം 675 (3/22,4/22,5/22 മാസങ്ങളിൽ) രൂപ നിരക്കിലും പിന്നീടുള്ളമാസങ്ങളിൽ 645 രൂപ നിരക്കിലും വേതനം കൈപ്പറ്റി വേതനം കൈപ്പറ്റി<br>എന്ത് തസ്തികയിൽ എന്ത് ജോലി ചെയ്തുവെന്ന് വ്യക്തമല്ല. |
| 3 | ശ്രീ. അർഷദ് പി കെ<br>ശ്രീ. യൂനിസ് എം<br>ശ്രീ. അക്ഷയ് പി എം<br>ശ്രീമതി ശ്രീജ സുരേന്ദ്രൻ<br>(നാല് പേരും ബിൽ കളക്ടർമാർ) | 3/22 മുതൽ 2/23 വരെ പ്രവർത്തി ദിനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വേതനം കൈപ്പറ്റി. |
| 4 | ശ്രീ. സൈതലവി<br>എൽ ഡി സി / ബി സി | ആറ് മാസത്തിലേറെ പ്രവർത്തി ദിനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ടിയാൻ ജോലി ചെയ്തു വേതനം കൈപ്പറ്റി |
| 5 | ശ്രീമതി. കവിത പി കെ<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർ | വർഷം മുഴുവൻ പ്രവർത്തി ദിനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ടിയാൾജോലി ചെയ്തു വേതനം കൈപ്പറ്റി |
| 6 | ശ്രീ. ബഷീറുദ്ദീൻ<br>അക്കൗണ്ട്സ് സഹായി | വൗച്ചർ നം. 22200052/ 19.04.22 പ്രകാരം 15,855 രൂപ വേതനം കൈപ്പറ്റി |
| 7 | അശ്വതി വേണു<br>അഞ്ജലി കൃഷ്ണ<br>ദുക്മണി പി<br>സരിത | വിവിധ മാസങ്ങളിൽ പ്രവർത്തി ദിനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വേതനം കൈപ്പറ്റി .<br>-എന്ത് പ്രവൃത്തി ചെയ്തുവെന്ന് വ്യക്തമല്ല. |

ഈ കാലയളവിലെ നഗരസഭയുടെ ഹാജർപട്ടിക പരിശോധിച്ചതിൽ പ്രസ്തുത തസ്തികകൾ നഗരസഭയിൽ നിലവിലുണ്ടായിരുന്നതായി ബോധ്യപ്പെട്ടില്ല. ഒഴിവുള്ള സ്ഥിരം ജീവനക്കാരുടെ തസ്തിക ഇല്ലാതെ, നിലവിലില്ലാത്ത

തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാറിന്റെ സ്പഷ്ടമായ അനുമതി ആവശ്യമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് (ജി ഒ (പി)നം. 28/2016/ധന./തീ. 26.02.2016). മേൽ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് ആധാരമാക്കിയ സർക്കാർ അനുമതിയുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

കൂടാതെ,ശ്രീമതി . പാത്തുമ്മ കെ എ ,എന്ന വ്യക്തിയെ വർഷം മുഴുവൻ ഒഴിവുള്ള ഓവസീയർ ഗ്രേഡ് III, II,I തസ്തികകളിൽ മാറിമാറി നിയമിച്ചിട്ടുണ്ട്(നിലവിലും തുടരുന്നു).ഗവ. സർക്കുലർ നം. 25941/G2/2013/L B R തീ. 05.02.2014 , പ്രകാരം ഒഴിവുള്ള തസ്തികയിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിന്നുള്ള പട്ടിക മുഖേനയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ആയത് പാലിക്കാതെ നിയമനം നടത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 24 / 2022-23/23.01. 2024- മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 മുൻകൂറുകൾ ക്രമീകരിച്ചില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)യാത്രാബത്ത മുൻകൂർ ക്രമീകരിച്ചില്ല.

താഴെ പറയും പ്രകാരം തുക തനത്ഫണ്ടിൽ നിന്നും യാത്രാബത്ത അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്.എന്നാൽ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നം./തീയ്യതി | തുക | റിമാർകസ് |
|---|---|---|
| 22200488/23.08.22 | 4604 | ശ്രീ. പി എം ബഷീർ,സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വികസനം, ശ്രീ.റഹീം കക്കാടൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എന്നിവർക്ക് പി ഡബ്ളിയു ഡി ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം സന്ദർശനം ആവശ്യാർത്ഥം 2302 രൂപ വീതം മുൻകൂർ യാത്രാബത്ത നൽകിയത്. |
| 22200645/07.10.22 | 6000 | കൊച്ചി ബോൾഗാട്ടി പാലസിൽ വെച്ച് 2022 ഒക്ടോബർ 9,10 തീയ്യതികളിൽ നടക്കുന്ന Bhodi 2022 ശില്പശാലയിൽ പങ്കെടുക്കുന്നതിന് നഗരസഭ ചെയർമാനും സെക്രട്ടറിക്കും മുൻകൂർ അനുവദിച്ച തുക |
| 22200670/12.10.22 | 25,000 | സെന്റർ ഫോർ ഇൻഫോർമേഷൻ ടെക്നോളജി പൂനെയിൽവെച്ച് നടത്തുന്ന (കില മുഖേന) എക്സ്പോഷൻ വിസിറ്റിന് സംസ്ഥാനാന്തര വിമാനയാത്ര നടത്തുന്നതിന് (തദ്ദേശ ഭരണ (ഐ ബി )വകുപ്പിന്റെ 07.10.22 ലെ സ.ഉ (സാധാ)നം.2428/2022/തസ്വഭവ പ്രകാരം ) നഗരസഭ ചെയർമാന് മുൻകൂർ നൽകിയ തുക |
| 22201079/24.01.23 | 4,000 | സെക്രട്ടറിക്ക് 27.01.23 ന് കണ്ണൂർ കോർപ്പറേഷനിൽവെച്ച നടന്ന ഉത്തരമേഖലാ നഗരസഭ പുരോഗതി സംബന്ധിച്ച യോഗത്തിലും 30.01.23,31.01.23 തീയ്യതികളിലും കിലയിൽ വെച്ച് നടക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നതിനും നൽകിയ മുൻകൂർ യാത്രാബത്ത. |
| **ആകെ** | **39,604** | |

കെ.എഫ്.സി. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാ ബത്ത മുൻകൂർ ബില്ലുകൾ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നും അല്ലാത്തപക്ഷം അടുത്ത ശമ്പള ബില്ലിൽ നിന്നും പിഴ പലിശ സഹിതം ക്രമീകരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മേൽ ബില്ലുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

2)തൻവർഷം നൽകിയ ക്രമീകരിച്ചതിന്റെ വിവരം/ചെലവ് രേഖകൾ ലഭ്യമാക്കാത്തവ ചുവടെ ചേർക്കുന്നു.ആയവ ക്രമീകരിച്ചതിന്റെ വിവരംപരിശോധനക്ക് ലഭ്യമാക്കിയില്ല.

| വൗച്ചർ നം./തീയ്യതി | തുക | റിമാർകസ് |
|---|---|---|
| 22200543/06.09.2022 | 25,000 | ഫൈസൽ ചാരുതറ സീനിയർ ക്ലാർക്കിന് നഗരസഭ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് |

| | | |
|---|---|---|
| | | അനുവദിച്ച തുക |
| 22200548/06.09.2022 | 10,000 | ക്ലാർക്ക് അബ്ദുൾ റസാഖിന് 04.09.22ന് ഐ എം എ ഹാളിൽ ഓണാഘോഷ പരിപാടിയുടെ സംഘാടനത്തിന് മുൻകൂർ നൽകിയ തുക |
| 22200137 /13.05.2022 | 10,000 | ഡിന്റോ കെ പി ജെ എച്ച് ഐ ക്ക് മഴക്കാല പൂർവ്വ ശുചീകരണയജ്ഞത്തിന് അഡ്വാൻസ് നൽകിയ തുക |
| 22200194 / 04.06.2022 | 34,500 | ഡിന്റോ കെ പി ജെ എച്ച് ഐ ക്ക് സ്കൂളുകൾക്ക് അപകട ഭീഷണിയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അഡ്വാൻസ് നൽകിയ തുക |
| 22200811 /15.11.2022 | 20,000 | ഡിന്റോ കെ പി ജെ എച്ച് ഐ ക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അഡ്വാൻസ് നൽകിയ തുക |
| 22200934/14.12.2022 | 25,000 | കംഫർട്ട് സ്റ്റേഷൻ ലീച്ച് പിറ്റ് നിർമ്മാണം, സുരേഷ് കുമാർ ഓവർസീയർക്ക് അഡ്വാൻസ് നൽകിയ തുക |
| ആകെ | 1,24,500 | |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം തുക വിനിയോഗിച്ച് മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം മുൻകൂറുകൾ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്.അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും( നം. 28/22-23/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. മേൽ നടപടികൾ പൂർത്തിയാക്കുന്നത് വരെ ക്രമ നമ്പർ (1),(2) ഇനങ്ങളിൽ ചെലവഴിച്ച തുക (39604+124500) 1,64,104 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 കൺവീനർ പ്രവൃത്തികളിൽ തുക അധികം നൽകി.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം. ഡിബി3-9058/17/സിഇ/Lതസ്വഭവ തീയതി 16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

1) ചന്തക്കുന്ന് ജിഎൽപി സ്കൂൾ നവീകരണം 157/23

അടങ്കൽ: 1000000 രൂപ (M G Non-Road ഫണ്ട്)

കൺവീനർ: ശ്രീ. ജോസ് അബ്രഹാം (ഹെഡ് മാസ്റ്റർ)

കരാർ: 79/22-23/3.1.2023

അളവ് പുസ്തകം: ഇ എം ബുക്ക്

ചെലവഴിച്ച തുക: 989057രൂപ

ബിൽ നമ്പർ . 2215074700110l241729/25.2.2023

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| മൂല്യനിർണ്ണയം | 838184 | 838184 | |
| (-) OH 5% | ----------- | 38985<br>(838184 X 5/107.5) | |
| ബാക്കി | 838184 | 799199 | |

| | | | |
|---|---|---|---|
| (+) GST 18% | 150873 | 143856 | |
| Total | 989057 | 943055 | |
| (-) Taxes, Wf 5% | 41910 | 39960 | |
| Fine | 1677 | 1677 | |
| കൺവീനർക്ക് | 945470 | 901418 | 44052 |

അധികം നൽകിയ 44052 രൂപ പ്രവൃത്തിയുടെ പേമെന്റ് അംഗീകരിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/16.1.2024 ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-16 സ്ഥാപിക്കാത്ത ഗ്രാനൈറ്റ് ബോർഡിനു പണം നൽകി ₹ 7377അധികച്ചെലവ്.

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ പണി സ്ഥലത്ത് ഗ്രാനൈറ്റ് ബോർഡ് സ്ഥാപിക്കുന്നത് പ്രൊജക്റ്റിൽ ഉൾപ്പെടുത്തുകയും ആയത് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി പണം നൽകുകയും ചെയ്തിട്ടുണ്ട്. 22.1.2024 ന മുനിസിപ്പൽ എഞ്ചിനിയറിംഗ് വിഭാഗത്തിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ 2022-23 വർഷം ചെയ്ത പ്രവൃത്തികൾ പരിശോധിച്ചതിൽ 2 പ്രവൃത്തികളിലും ഈ ഇനം ചെയ്തിട്ടില്ല എന്ന് സൈറ്റ് പരിശോധനയിൽ ബോധ്യമായി.

വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | മൂല്യ നിർണയം | പെയ്മെന്റ് | ഗ്രാനൈറ്റ് ബോർഡിനു നൽകിയ പണം |
|---|---|---|---|
| ആസാദ് ഗ്രൗണ്ട് സൈഡ് നെറ്റ് കെട്ടൽ. (65/23)<br>കരാറുകാരൻ – ദിനീഷ് എം കരാർ -65/04.3.2022<br>അളവ് പുസ്തകം -82/21-22 | ആകെ മൂല്യം – 349684 + 41962 (12% GST) = 391646 ഫണ്ട് – തനത് – 300000 + പ്ലാൻ -91646 | ബിൽ 9/16.2.23 - 291646<br>98/17.2.23 -100000 | 3425.69+ 12% Gst 411.08 = 3837 |
| മയ്യന്താണി ഗ്രൗണ്ട് സൈഡ് നെറ്റ് കെട്ടൽ (65/23)<br>കരാറുകാരൻ – ഷംനാസ് കെഎസ് കരാർ -61/28.2.2022<br>അളവ് പുസ്തകം -66/21-22 | ആകെ മൂല്യം – 1210807 + 145296 (12% GST) = 1356103 ഫണ്ട് – തനത് – 300000 + പ്ലാൻ -91646 | വൗച്ചർ- 2220107128.2.23 -991942 വൗച്ചർ 22201304/3.3.23- 124410 വൗച്ചർ 22101805/31.3.2023 – 239751 | 3000+ 18% Gst 540 = 3540 |
| ആകെ | | | 7377 |

ചെയ്യാത്ത ഇനം പ്രവൃത്തിക്ക് നൽകിയ 7377/- രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അഫ്സൽ.സി, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മുഹമ്മദാലി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/22.1.2024 ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-17 S T കോളനികളിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളുമൊരുക്കൽ; അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

പ്രവൃത്തി: ചക്കപ്പാലി S T കോളനിയിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളുമൊരുക്കൽ (190/23)

അടങ്കൽ: 600000 രൂപ (TSP)

ഭരണാനുമതി: 1/8.8.2022, സാങ്കേതികാനുമതി: 48395/2022

കരാറുകാരൻ: ഗോപകുമാർ കെ വി, കരാർ: 78/8.12-22

അളവ് പുസ്തകം: ഇ എം ബുക്ക്

ചെലവ്: 559411രൂപ, ബിൽ നമ്പർ: 2215074700110126593/28.2.2023 : 559411

ചക്കപ്പാലി S T കോളനികളിൽ ആകെ 4 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള മേൽ പദ്ധതി പ്രകാരം ആകെ 559411 രൂപ ഈ പദ്ധതിക്ക് വേണ്ടി മേൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 11.10.2022 ലെ TE-1027/22(1) പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എം ബുക്ക്, പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ പ്രകാരം ശാരദ, വിജയൻ, സുന്ദരൻ, മാലതി എന്നിവരുടെ വീടിനോട് ചേർന്ന് അവരുടെ ആവശ്യത്തിനാണ് കക്കൂസുകൾ നിർമ്മിച്ച് നൽകിയത്.

കേരളത്തിൽ വെളിയിട വിസർജ്ജന പ്രദേശങ്ങളുടെ വ്യാപ്തിയിലുണ്ടായ കുറവിന്റെയും വെളിയിട വിസർജ്ജന വിമുക്ത മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള 13-ാം പദ്ധതി മാർഗ്ഗരേഖ/സബ്സിഡി മാർഗ്ഗരേഖയിൽ, കക്കൂസ് നിർമാണത്തിന് സബ്സിഡി സംബന്ധിച്ച വിശദാംശം ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 14-3-18 ലെ S. 18013/2/2014 O/O Dir SBM Part (1) കത്തിന്റെ അടിസ്ഥാനത്തിൽ, ത സ്വ ഭ D C വകുപ്പിന്റെ 21-7-18 ലെ 334/DC.1/18/ ത സ്വ ഭ വ സർക്കുലർ പ്രകാരം, പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ നൽകുന്ന 'പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ' വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണം/അറ്റകുറ്റപ്പണികൾ എന്നിവക്ക് ഉപയോഗിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണത്തിന് 15400 രൂപയും അറ്റകുറ്റപ്പണികൾക്ക് പരമാവധി 9240 രൂപയും വിനിയോഗിക്കാവുന്നതാണെന്ന് ഈ സർക്കുലറിൽ നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ ആയതിന് വിരുദ്ധമായിട്ടാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ

1) മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം ഈ പദ്ധതിക്ക് മൊത്തം ചെലവഴിക്കാവുന്ന പരമാവധി തുക 61600 (4 X 15400) രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം 559411 രൂപ ചെലവഴിച്ചിട്ടുണ്ട്. 497811 രൂപയുടെ (559411-61600) അധികച്ചെലവ് ഉണ്ടായി.

2) 2021-22 വർഷത്തേക്ക് ബാധകമായ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018/ത സ്വ ഭ വ/ തീയതി 29-1-18 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.3 പ്രകാരമാണ് വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ പദ്ധതി പ്രകാരമുള്ള ഏഴ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ ഉത്തരവ് പ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല.

3) വ്യക്തിഗത കക്കൂസ് നിർമാണം എന്ന പദ്ധതിയുടെ നിർവ്വഹണം മുനിസിപ്പൽ എഞ്ചിനീയറുടെ ചുമതലയിൽ വരുന്നതല്ല. മുനിസിപ്പൽ എഞ്ചിനീയറെ ഈ പദ്ധതിയുടെ നിർവ്വഹണം ഏല്പിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

4.) സമാനമായ പ്രൊജക്റ്റ് 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയതിൽ മുകളിൽ സൂചിപ്പിച്ച ആപാകതകൾ പരാമർശിച്ച് ഓഡിറ്റ് വിഭാഗം നൽകിയ എൻക്വയറി നമ്പർ 36/20-12-22 ന്റെ പകർപ്പ് പ്രൊജക്റ്റിന്റെ ഫയലിൽ ചേർത്ത് പ്രൊജക്റ്റ് നിർവ്വഹിക്കാൻ പ്രയാസമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചതായി കാണുന്നു എങ്കിലും പദ്ധതി മുനിസിപ്പൽ എഞ്ചിനീയർ തന്നെ നിർവ്വഹണം നടത്തി. മാർഗ്ഗ രേഖ ലംഘനം ഉണ്ട് എന്ന് അറിഞ്ഞിട്ടും പ്രൊജക്റ്റിന്റെ നിർവ്വഹണം നടത്തി അധികം ചെലവഴിച്ച 497811 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 54/20-12-22) ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-18 തൊഴിൽ നികുതി അപാകതകൾ

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. 2022-23 വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, വാർഡു തിരിച്ച് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നഗരസഭാ പരിധിയിലെ നികുതി ബാധകമായ മുഴുവൻ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. ആയതിനാൽ ഏതൊക്കെ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനവശേഷിക്കുന്നുണ്ടെന്ന് പരിശോധിക്കാനായിട്ടില്ല.
2.നഗരസഭ ജീവനക്കാരിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ

രജിസ്റ്ററിൽ ചേർത്തിട്ടില്ല. നഗരസഭാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3.2022-23 സാമ്പത്തിക വർഷം നഗരസഭയിൽ ജോലി ചെയ്തിരുന്ന താത്കാലിക ജീവനക്കാരുടെ പേര്/ തസ്തിക,സേവനകാലയളവ് ,ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് എൻക്വയരി നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. അതിനാൽ താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

തൊഴിൽ നികുതി സംബന്ധിച്ച് മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കേണ്ടതും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, രജിസ്റ്ററുകളും രേഖകളും യഥാവിധി സൂക്ഷിക്കുന്നതിനും നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:16/23.1.24 ) മറുപടി ലഭ്യമായിട്ടില്ല.

## 1-18-1 തൊഴിൽ നികുതി -രേഖകൾ ഹാജരാക്കേണ്ടതാണ്.

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഫോറസ്റ്റ് റേഞ്ച് പ്രൊട്ടക്ഷൻ ഫോഴ്സ്,നിലമ്പൂർ | ഒന്ന് |
| 2 | ഫോറസ്റ്റ് ഓഫീസ് ,എടവണ്ണറേഞ്ച് | ഒന്ന് |
| 3 | ഇൻഡസ് സ്കാൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് | ഒന്ന്, രണ്ട് |
| 4 | ഗുഡ്ഹോപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ട് |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ ,പാടിക്കുന്ന് | ഒന്ന്, രണ്ട് |
| 6 | ITDP പ്രോജക്ട് ടൈലറിംഗ് ഗാർമെന്റ്,നിലമ്പൂർ | ഒന്ന് |
| 7 | ധനകോടി ചിറ്റ്സ് ,നിലമ്പൂർ | ഒന്ന്, രണ്ട് |
| 8 | മലപ്പുറം ഡിസ്ട്രിക്ട് റബ്ബർ ട്രേഡേഴ്സ് മാർക്കറ്റിംഗ് പ്രോസ്സസിംഗ് സൊസൈറ്റി | ഒന്ന്, രണ്ട് |
| 9 | KTC നിലമ്പൂർ | ഒന്ന്, രണ്ട് |
| 10 | മുത്തൂറ്റ് ഫിനാൻസ്,നിലമ്പൂർ | ഒന്ന്, രണ്ട് |
| 11 | അപരാജിത സുന്ദരം ഫിനാൻസ് ,നിലമ്പൂർ | ഒന്ന്, രണ്ട് |
| 12 | നിലമ്പൂർ കാളികാവ് കള്ള്ചെത്ത് സഹകരണ സംഘം | ഒന്ന്, രണ്ട് |
| 13 | മലയാള മനോരമ | രണ്ട് |
| 14 | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ ഫോർ വാട്ടർ റിസോഴ്സസ് | രണ്ട് |
| 15 | KLM AXIVA FISET-LTG | രണ്ട് |
| 16 | നിലമ്പൂർ മോട്ടോഴ്സ്,നിലമ്പൂർ(യമഹ) | രണ്ട് |
| 17 | PTCപെട്രോളിയം ,നിലമ്പൂർ | ഒന്ന് |
| 18 | നാഷണൽ ഫാർമ,നിലമ്പൂർ | ഒന്ന് |
| 19 | കോവിലകം ഹൈപ്പർമാർക്കറ്റ്,നിലമ്പൂർ | ഒന്ന് |

| | | |
|---|---|---|
| 20 | ബോജ്റ പെട്രോളിയം,ചന്ദക്കുന്ന് | ഒന്ന് |
| 21 | ഇ വി എം ഓട്ടോമോട്ടീവ്,നിലമ്പൂർ | ഒന്ന് |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രദേശത്ത് ബിസിനസ്/സ്ഥാപനം നടത്തുന്ന സ്ഥാപന ഉടമകളിൽ നിന്നും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഈടാക്കിയ സ്ഥാപന തൊഴിൽ നികുതിയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം അടവാക്കിയ തുക | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|---|
| 1 | 1/2 | ഭാസ്കർ എലിപറ്റ(ബങ്ക്) | 300 | രണ്ട് |
| 2 | 1/56 | രവീന്ദ്രൻ വി<br>ദേവിക ടീ സ്റ്റാൾ | 300 | രണ്ട് |
| 3 | 1/130,131 | റിഷാദ്<br>അരണിക്കൽ<br>ഓട്ടോസ്പോർട്ട്സ് | 1250 | രണ്ട് |
| 4 | 1/630 | റിഷാദ് സി പി<br>സ്വന്തം ചുരിദാർ കേന്ദ്ര | 1000 | രണ്ട് |
| 5 | 1/679 | ബാലകൃഷ്ണൻ നായർ,കുമാർ കൊമേർഷ്യൽ ഇൻസ്റ്റിറ്റൂട്ട് | 600 | രണ്ട് |
| 6 | 1/914 | സിനി എം ഇ<br>കേബിൾ ആക്സസറീസ് | 600 | രണ്ട് |
| 7 | 1/993 | അനിൽ കുമാർ<br>എക്സൽ ടൈലറിംഗ് | 450 | രണ്ട് |
| 8 | 1/994A | ബിജു മോൻ,ഓർബിറ്റ് കംമ്പ്യൂട്ടർ | 1250 | രണ്ട് |
| 9 | 1/72 | മുഹമ്മദ് മാസ്റ്റർ<br>മാരേജ് ബ്യൂറോ | 300 | രണ്ട് |
| 10 | 1/1029 | ടിനി ടോമി<br>ഫാത്തിമ ബ്യൂട്ടി പാർലർ | 450 | രണ്ട് |
| 11 | 1/1043 | അബ്ദുറഹ്മാൻ ട്രാവൽസ് | 300 | രണ്ട് |
| 12 | 1/908P | AK<br>മുഹമ്മദാലി,ബേക്കറി | 300 | രണ്ട് |
| 13 | 1/650 | ദീപക്<br>ഹോം അപ്ളയൻസസ് | 600 | രണ്ട് |
| 14 | 1/692 | ജമീല കെ<br>ലിയ സ്റ്റോർ | 600 | രണ്ട് |
| 15 | 1/856 | ഷൈനി എഫ്.എൻ<br>അഷ്മി ഫാൻസി | 450 | രണ്ട് |
| 16 | 1/664 | രൂപ കെ<br>ടാക്സ് വേർഡ് | 450 | രണ്ട് |

| | | | | |
|---|---|---|---|---|
| 17 | 1/73 | സിനോജ് കെ ഓൺലൈൻ ട്യൂഷൻ | 450 | രണ്ട് |
| 18 | 1/624 | മൊയ്തീൻകുട്ടി ഹിബ മൊബൈൽസ് | 450 | രണ്ട് |
| 19 | 1/263KL | രാജേഷ്,NC ദന്തൽ ലാബ് | 1250 | രണ്ട് |
| 20 | 1/1029 | അബ്ദുൽ ജലീൽ,ഫാത്തിമ ബ്യൂട്ടി പാർലർ | 450 | രണ്ട് |
| 21 | 3/759 | ഡോ റബീബ,നവനീത ഡെൻ്റൽ ക്ലിനിക്ക് | 1250 | രണ്ട് |

ഇത്തരത്തിൽ 370 ഓളം സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക വർഷത്തിൻ്റെ ആദ്യ അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കിയതായും രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കാത്തതായും കണ്ടു.

സാമ്പത്തിക വർഷത്തിൻ്റെ ആദ്യ അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളും മേൽ ചട്ട പ്രകാരം രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥമാണെങ്കിൽ തൊഴിൽ നികുതി അടവാക്കിയതിൻ്റെ രേഖകൾ കാലികമാക്കിയ രജിസ്റ്റർ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ക്രമ നം 1 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/23.01.2024,52/25-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2022-23 വാടക രജിസ്റ്റർ , വ്യാപാര രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങളിലെ വ്യാപാരികൾ 2022-23 വർഷത്തിൽ വ്യാപാര ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വാടകക്കാരൻ്റെ പേര് |
|---|---|---|
| 1 | 25/713 | ഫിറോസ് തെക്കേരത്തൊടിക |
| 2 | 25/723 | അബ്ദുൾ സത്താർ |
| 3 | 25/721 | അബ്ദുൾ കരീം |
| 4 | 25/722 | അബ്ദുൾ കരീം |
| 5 | 25/720 | സിദ്ധീഖ് തെക്കേരത്തൊടിക |
| 6 | 25/728 | അബ്ദുൾ സലാമ പാലക്കണ്ടി |
| 7 | 1/908 P1 | അബു വടക്കുംപാടത്ത് |
| 8 | 1/908 P6 | മുഹമ്മദ് വടക്കുംപാടത്ത് |
| 9 | 1/908 P16 | കൃഷ്ണൻ പള്ളിക്കത്തൊടി |
| 10 | 1/908 P4 | മുഹമ്മദ് അഫ്സർ |
| 11 | 1/908 P2 | അലി ഹസ്സൻ |
| 12 | 1/908 P3 | വി നബീസ |
| 13 | 1/908 P11 | സാലി ജോസ് |
| 14 | 1/908 P9 | ഒ.സി. കുഞ്ഞി മുഹമ്മദ് |
| 15 | 1/908 P15 | അബ്ദുൾ വഹാബ് |
| 16 | 1/908 P14 | ഹിഫ്സുറഹ്മാൻ |
| 17 | 5/588A | സി.പി. ഉസ്മാൻ |
| 18 | 5/588F | ബഷീർ അറക്കൽ |

| | | |
|---|---|---|
| 19 | 5/588C | ഇബ്രാഹീം കീടക്കല്ലൻ |
| 20 | 5/588G1 | ഷൗക്കത്ത് തൊണ്ടിയിൽ |
| 21 | 5/588B | ഹാരിസ് എം. |
| 22 | 5/588B1 | സുധീർ പൂന്നപ്പാല |
| 23 | 5/588G2 | ഷൗക്കത്തലി നെട്ടമ്പാറ |
| 24 | 5/588H | മുജീബ് റഹ്മാൻ വരിക്കോടൻ |

വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/23-1-24)മറുപടി ലഭ്യമായിട്ടില്ല.ടി കെട്ടിടങ്ങളിലെ വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുള്ളതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കണം.

മുൻസിപ്പാലിറ്റിയുടെ 2022- 23 വർഷ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിട വാടക തുടങ്ങിയ വിവിധ ഇനങ്ങളിലായി ചുവടെ ചേർത്ത പ്രകാരം കടിശ്ശിക ഉള്ളതായി കാണുന്നു. ( ഷെഡ്യൂൾ B15) . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Property Tax (Current) | 1545100 |
| Property Tax (Arrears) | 7849.52 |
| Profession Tax Institution(current) | 88455 |
| Profession Tax Institution(Arrears) | 369159 |
| Advertisement Tax(current) | 123219 |
| Advertisement Tax(Arrears) | 58125 |
| License Fees (Current) | 10500 |
| License Fees (Arrears) | 114534 |
| Other Fees(Arrears) | 15227 |
| Rent Receivables From Civic Amenities (Current) | 393424 |
| Rent Receivables From Civic Amenities (Arrears) | 1177482 |
| Other Receivables (Current) | 1700251 |
| Other Receivables (Arrears) | 2702709 |

കുടിശ്ശിക ഈടാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(08/19.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല.ഉടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

## 1-21 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 234/23 |
| പദ്ധതിയുടെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി. |
| അടങ്കൽ തുക | 14,00,000 രൂപ. (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക | 3,00,000/- രൂപ. |
| ബിൽ നമ്പർ / തീയതി | BRN:22150747001701474268/25.03.2023 – 1,50,000/- രൂപ. |
| | BRN:22150747001701543620/28.03.2023 – 1,00,000/- രൂപ. |
| | BRN:22150747001701554985/29.03.2023 – 50,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ. | പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന ഈ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 6 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് 50,000/- രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്. ഈ എന്നാൽ ഈ 6 ഗുണഭോക്താക്കളും ഓഡിറ്റ് തീയതി വരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം. | അനുവദിച്ച തുക | |
|---|---|---|---|
| | | ബിൽ നമ്പർ/തിയ്യതി | തുക |
| 1 | വിനോദ്കുമാർ.യു.കെ. ഉരുണിയൻകുത്ത് ഹൗസ്, ജവഹർകോളനി. | 22150747001701474268/25.03.2023 | 50,000 |
| 2 | സതീഷ്കുമാർ.കെ. കണ്ടാലപ്പറ്റ ഹൗസ്, ജവഹർകോളനി. | 22150747001701474268/25.03.2023 | 50,000 |
| 3 | ഷാനിജ്.വി, അരിമ്പ്ര, നിലമ്പൂർ. | 22150747001701474268/25.03.2023 | 50,000 |
| 4 | അയ്യപ്പൻ.കെ.പി, കണ്ടപ്പുറം, വരടേംപാടം, നിലമ്പൂർ. | 22150747001701543620/28.03.2023 | 50,000 |
| 5 | ശ്രീജ.കെ, കാരാടൻ ഹൗസ്, പാലേങ്ങര കോളനി. | 22150747001701543620/28.03.2023 | 50,000 |
| 6 | ഉണ്ണികൃഷ്ണൻ.കെ, കാക്കനാടൻ ഹൗസ്, അരുവാക്കോട്, നിലമ്പൂർ.പി.ഒ. | 22150747001701554985/29.03.2023 | 50,000 |

ക്രമ നമ്പർ. 1, 3 പ്രകാരമുള്ള ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 26/23.01.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-21-1 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 86/23 |
| പദ്ധതിയുടെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി. |
| അടങ്കൽ തുക | 18,00,000 രൂപ. (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക | 15,00,000/- രൂപ. |
| ബിൽ നമ്പർ / തീയതി | BRN:22150747001700841579/29.11.2022 – 75,000/- രൂപ. |
| | BRN:22150747001700663942/18.10.2022 – 6,00,000/- രൂപ. |
| | BRN:22150747001700761729/10.11.2022 – 4,98,201/- രൂപ. |
| | BRN:22150747001701385104/17.03.2023 – 15,777/- രൂപ. |
| | BRN:22150747001701305814/07.03.2023 – 1,61,022/- രൂപ. |
| | BRN:22150747001701555032/29.03.2023 – 75,000/- രൂപ. |
| | BRN:22150747001701573548/31.03.2023 – 75,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ. | പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

2021-22 സാമ്പത്തിക വർഷത്തിലെ പ്രൊജക്ട് നമ്പർ.42/22 പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന ഈ പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിന് അഡ്വാൻസ് നൽകിയിട്ടുള്ള 3 ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം. | അനുവദിച്ച തുക | |
|---|---|---|---|
| | | ബിൽ നമ്പർ/തിയ്യതി | തുക |
| 1 | ശാരദ.പി, പറമ്പാടൻ ഹൗസ്, നെടുമുണ്ടക്കുന്ന്, മുക്കട്ട. | 21150747001701473680/26.03.2022 | 50,000 |
| 2 | ഷാജി, തെക്കിനിശ്ശേരി ഹൗസ്, നിലമ്പൂർ. | 21150747001701327823/15.03.2022 | 50,000 |
| | | 22150747001700761729/10.11.2022 | 75,000 |
| 3 | രതീഷ്.കെ, കോട്ട ഹൗസ്, ഇയ്യംമട, നിലമ്പൂർ. | 21150747001701327823/15.03.2022 | 50,000 |
| | | 22150747001700663942/18.10.2022 | 75,000 |

ഈ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 18/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 അഗതിരഹിത കേരളം - തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 207/23 |
| പദ്ധതിയുടെ പേര് | ആശ്രയ പദ്ധതി |
| അടങ്കൽ തുക | 8,00,000/- രൂപ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 8,00,000/- രൂപ. |
| വൗച്ചർ നമ്പർ / തീയതി | 22201415/27.03.2023 – 8,00,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

നിലമ്പൂർ നഗരസഭയിലെ അഗതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഒരുക്കുന്നതിന് 4 ഗുണഭോക്താക്കൾക്ക് 2,00,000/- രൂപ വീതം 8,00,000/- രൂപ വകയിരുത്തി ടി തുക നിലമ്പൂർ നഗരസഭ കുടുംബശ്രീയുടെ അഗതിരഹിത കേരളം അക്കൗണ്ട് നമ്പറിലേക്ക് (A/C No.68890100001243) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് തിയ്യതിയിലും ചെലവഴിക്കാതെ അഗതിരഹിത കേരളം അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുകയുൾപ്പെടെ 31.03.2023 തീയതിയിൽ 22,75,124/- രൂപ നീക്കിയിരിപ്പുണ്ട്. തുക യഥാസമയം ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ച് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 55/25.01.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 അർബൻ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ - വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 08/23 – അർബൻ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ. |
| അടങ്കൽ തുക | 5,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| വിനിയോഗിച്ച തുക | 3,37,327/- രൂപ. |
| ബിൽ നമ്പർ/തീയതി. | 22150747001400483467/30.08.2022 – 3,37,327/- രൂപ. |

2022-23 സാമ്പത്തിക വർഷത്തിൽ 'അർബൻ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രകാരം 3,00,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.6.4 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാനാവൂ. KMSCL ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാവുന്നതാണ്. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ മാത്രം കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട്ലറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ KMSCL ലും കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിലും മരുന്നുകൾ ലഭ്യമാണോ എന്ന് അന്വേഷിക്കുക പോലും ചെയ്യാതെ പ്രൊജക്ട് പ്രകാരമുള്ള മുഴവൻ മരുന്നുകളും അത്യാവശ്യ മരുന്നുകൾ മാത്രം വാങ്ങാൻ അനുമതിയുള്ള Supplyco Medicine Wholesale Devision Olavacode ൽ നിന്നും വാങ്ങിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. മാർഗ്ഗരേഖക്ക് വിരുദ്ധമായി ഇപ്രകാരം വാങ്ങലുകൾ നടത്തിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. മരുന്നിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 3,37,327/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.04/17.01.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 പരിരക്ഷ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 07/23 – പരിരക്ഷ പദ്ധതി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ. |
| അടങ്കൽ തുക | 8,00,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| വിനിയോഗിച്ച തുക | 7,56,982/- രൂപ. |
| ബിൽ നമ്പർ/തീയതി. | 22150747001400420866/16.08.2022 – 43,840/- രൂപ. |

| | |
|---|---|
| | 2215074700140048345 6/30.08.2022 – 45,380/- രൂപ. |
| | 221507470014006813 21/22.10.2022 – 23,040/- രൂപ. |
| | 2215074700140068132 7/22.10.2022 – 23,140/- രൂപ. |
| | 2215074700140088913 7/09.12.2022 – 3,01,069/- രൂപ. |
| | 2215074700140108027 6/23.01.2023 – 23,180/- രൂപ. |
| | 2215074700140108028 4/23.01.2023 – 23,140/- രൂപ. |
| | 2215074700140108029 2/23.01.2023 – 1,33,170/- രൂപ. |
| | 2215074700140139429 8/18.03.2023 – 23,140/- രൂപ. |
| | 2215074700140131652 0/09.03.2023 – 23,180/- രൂപ. |
| | 2215074700140130883 9/08.03.2023 – 23,140/- രൂപ. |
| | 2215074700140144361 6/23.03.2023 – 14,990/- രൂപ. |
| | 2215074700140145213 1/23.03.2023 – 56,573/- രൂപ. |

2022-23 സാമ്പത്തിക വർഷത്തിൽ പരിരക്ഷ പദ്ധതിക്ക് വേണ്ടി 7,56,982/- രൂപ വികസന ഫണ്ടിൽ നിന്നും ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.6.4 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. KMSCL ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാവുന്നതാണ്. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ മാത്രം കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട്ലറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ KMSCL ലും കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിലും മരുന്നുകൾ ലഭ്യമാണോ എന്ന് അന്വേഷിക്കുക പോലും ചെയ്യാതെ മേൽ പ്രൊജക്റ്റ് പ്രകാരമുള്ള താഴെ പറയും പ്രകാരമുള്ള മുഴുവൻ മരുന്നുകളും അത്യാവശ്യ മരുന്നുകൾ മാത്രം വാങ്ങാൻ അനുമതിയുള്ള Supplyco Medicine Wholesale Devision Olavacode ൽ നിന്നും വാങ്ങിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | PKD/1713/2022 Dt: 01.10.2022 | 2,22,112/- |
| 2 | PKD/1714/2022 Dt: 01.10.2022 | 44,652/- |
| 3 | PKD/1293/2022 Dt: 16.08.2022 | 1,33,170/- |
| 4 | PKD/3869/2022 Dt: 22.03.2023 | 56,573/- |
| | ആകെ | 4,56,507/- |

മാർഗ്ഗരേഖക്ക് വിരുദ്ധമായി ഇപ്രകാരം വാങ്ങലുകൾ നടത്തിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2). മേൽ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 4,56,507/- രൂപ തടസ്സം ചെയ്യുന്നു.

3). 2022 ഡിസംബർ മാസത്തിലെ വാഹന വാടകയും ഭക്ഷണച്ചെലവും BRN:2215074700140131652 0 /09.03.2023 – 23,180/- രൂപ പ്രകാരവും BRN:215074700140108028 4 /23.01.2023 – 23,140/- രൂപ പ്രകാരവും രണ്ട് തവണ അനുവദിച്ചിട്ടുണ്ട്. BRN:2215074700140131652 0 /09.03.2023 പ്രകാരമുള്ള ബില്ലിനോടൊപ്പമുള്ള സബ്‌വൗച്ചർ നമ്പർ.301 പ്രകാരം ചെലവ് 900 രൂപയാണെങ്കിലും 940 രൂപ അനുവദിച്ചത് കാരണമാണ് ഈ ബില്ലുകൾ തമ്മിൽ 40 രൂപ വ്യത്യാസമുണ്ടാകാൻ കാരണമായത്. ഒരേ Claim ന് രണ്ട് തവണ അനുവദിച്ചതിനാൽ അധികമായി അനുവദിച്ച 23,180/- രൂപ തിരിച്ചടക്കുകയോ/ക്രമീകരിക്കുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.47/25.01.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 മുനിസിപ്പൽ എഞ്ചിനിയറുടെ ഓഫീസിലെ വരവ് ചെലവ് അക്കൗണ്ടിംഗ്. അപാകതകൾ

1. കാഷ് ബുക്ക് ശരിയായി എഴുതുന്നില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. കാഷ് ബുക്കിൽ 2022-23 വർഷത്തെ ഒരു സാമ്പത്തിക ഇടപാടുകളും രേഖപ്പെടുത്തിയതായി കാണുന്നില്ല.

2.ടെണ്ടർ ഫീ നഗരസഭയിൽ ഒടുക്കുന്നില്ല

മുനിസിപ്പൽ എഞ്ചിനിയറുടെ ടെണ്ടർ രജിസ്റ്ററിൽ 120 ന മേൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 300 ൽ അധികം ടെണ്ടറുകൾ ലഭ്യമായതായതായി ടെണ്ടർ രജിസ്റ്ററിൽ കാണുന്ന എങ്കിലും ഇ പെയ്മെന്റ് വഴി ലഭ്യമായ ടെണ്ടർ ഫീ എത്രയാണെന്ന് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്ന ഇ പെയ്മെന്റ് അക്കൗണ്ടിന്റെ 11.11.2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയത്. 11.11.2022 ന ഈ അക്കൗണ്ടിൽ 829566 രൂപ ബാലൻസ് ഉണ്ട്. 2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ടെണ്ടർ ഫീ വരവ് 3238 രൂപ മാത്രമാണ്. മുനിസിപ്പൽ തനത് വരുമാനത്തിന്റെ ഭാഗമായ ടെണ്ടർ ഫീ എഞ്ചിനിയറിംഗ് വിഭാഗത്തിൽനിന്ന് യഥാസമയം മുനിസിപ്പൽ അക്കൗണ്ടിൽ ലഭ്യമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് ഈ കണക്കുകളിൽനിന്ന് വ്യക്തമാകുന്നത്.

മുനിസിപ്പൽ എഞ്ചിനിയറുടെ ഓഫീസിൽ കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും ബാങ്ക് അക്കൗണ്ടിൽ വരുന്നത് ഉൾപ്പെടെയുള്ള മുഴുവൻ വരവ് ചെലവ് വിവരങ്ങളും കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഓരോ വർഷവും ലഭിക്കുന്ന ടെണ്ടർ ഫീ അതാത് വർഷംതന്നെ മുനിസിപ്പൽ അക്കൗണ്ടിലേക്ക് നൽകേണ്ടതും ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/18.1.2024 ക്ക് മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് പരാമർശത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) No.177/2006/Fin Dt: 12.04.2006 നമ്പർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ 2022-23 സാമ്പത്തിക വർഷത്തിൽ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്. നിയമാനുസൃത കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.12/22.01.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-27 പി.എം.എ.വൈ ലൈഫ് പാർപ്പിട പദ്ധതി – ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വിവിധ വർഷങ്ങളിൽ ധനസഹായം മുൻകൂറായി കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന 48 ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം. | അനുവദിച്ച തുക | | റിമാർക്സ്. |
|---|---|---|---|---|
| | | തിയ്യതി | തുക | |
| 1 | കുഞ്ഞിബീവി, ചെനക്കൽ ഹൗസ്, മുതീരി. | 14.03.2018 | 30,000/- | 2017-18 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. |
| | | 14.06.2018 | 1,00,000/- | |
| | | 18.08.2018 | 1,00,000/- | |
| | | 19.03.2022 | 1,30,000/- | |
| 2 | സുബൈദ, നെച്ചിക്കാടൻ ഹൗസ്, വള്ളിയമ്പാടം. | 25.09.2018 | 30,000/- | 2018-19 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 3 | അനശ്വര.പി, പുളിക്കൽകണ്ടി | 18.08.2018 | 30,000/- | 2018-19 സാമ്പത്തിക വർഷത്തിൽ |

| | | | | |
|---|---|---|---|---|
| | ഹൗസ്, കല്ലേമ്പാടം. | 08.09.2021 | 1,60,000/- | |
| | | 18.10.2022 | 1,70,000/- | |
| 4 | ഷാഹിദ, കരിയാടൻ ഹൗസ്, ചന്തക്കുന്ന്. | 03.12.2018 | 30,000/- | |
| | | 01.06.2020 | 1,00,000/- | |
| 5 | സിജിത, പെരിങ്ങള ഹൗസ്, ജവഹർകോളനി. | 28.12.2018 | 30,000/- | അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 05.04.2019 | 1,00,000/- | |
| | | 29.08.2019 | 1,00,000/- | |
| | | 03.12.2019 | 1,00,000/- | |
| | | 19.03.2022 | 30,000/- | |
| 6 | അപ്പു, നെല്ലുവായി ഹൗസ്, അരുവാക്കോട്. | 18.02.2019 | 30,000/- | |
| 7 | സജ്ന, രാമങ്കത്ത് ഹൗസ്, നിലമ്പൂർ. | 16.05.2019 | 30,000/- | |
| | | 16.07.2019 | 1,00,000/- | |
| 8 | കാളി, കോണിച്ചി ഹൗസ്, നിലമ്പൂർ | 16.05.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 9 | സജ്ന, പുളിക്കൽ ഹൗസ്, പനയംകോട് | 16.05.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 01.06.2020 | 1,00,000/- | |
| | | 09.06.2022 | 70,000/- | |
| | | 18.10.2022 | 1,60,000/- | |
| 10 | മുണ്ടി, പൂളക്കൽ ഹൗസ്, വല്ലപ്പുഴ കോളനി, നിലമ്പൂർ. | 12.06.2019 | 30,000/- | |
| | | 29.08.2019 | 1,00,000/- | |
| | | 17.12.2019 | 1,00,000/- | |
| | | 01.06.2020 | 1,00,000/- | |
| 11 | അയ്യപ്പൻ, പാലാപറമ്പൻ ഹൗസ്, പയ്യമ്പള്ളി. | 12.06.2019 | 30,000/- | |
| | | 26.03.2021 | 1,00,000/- | |
| | | 04.08.2022 | 70,000/- | |
| | | 19.03.2022 | 80,000/- | |
| 12 | ശോഭന, ചേരിക്കുന്നുമ്മൽ ഹൗസ്, ജവഹർകോളനി. | 01.07.2019 | 30,000/- | |
| | | 05.05.2020 | 1,00,000/- | |
| | | 24.09.2020 | 1,00,000/- | |

| | | | |
|---|---|---|---|
| | | 08.06.2021 | 1,00,000/- |
| 13 | സുബ്രഹ്മണ്യൻ, കൊണ്ടപ്പുറം ഹൗസ്, വീട്ടിക്കത്ത്. | 01.07.2019 | 30,000/- |
| | | 17.12.2019 | 1,00,000/- |
| | | 08.09.2021 | 1,00,000/- |
| | | 09.06.2022 | 1,30,000/- |
| 14 | സരസ്വതി.ഡി, കണ്ടപ്പൻതൊടിക, നിലമ്പൂർ | 01.07.2019 | 30,000/- |
| | | 02.11.2019 | 1,00,000/- |
| | | 13.01.2020 | 1,00,000/- |
| | | 12.06.2020 | 20,000/- |
| 15 | ബൈജു, കാഞ്ഞിരം പിലാക്കൽ, പയ്യമ്പള്ളി. | 01.07.2019 | 30,000/- |
| | | 24.09.2020 | 1,00,000/- |
| | | 26.03.2021 | 1,00,000/- |
| | | 18.10.2022 | 1,30,000/- |
| 16 | അബ്ദുൾ അസീസ്, കുളവീട്ടിൽ, അയ്യാർപൊയിൽ. | 01.07.2019 | 30,000/- |
| 17 | സ്വാലിഹ്, ചെമ്മലവടക്കേതിൽ, മുതീരി. | 16.07.2019 | 30,000/- |
| | | 01.06.2020 | 1,00,000/- |
| | | 26.03.2021 | 1,00,000/- |
| | | 18.10.2022 | 1,30,000/- |
| 18 | ജാബിർ.പി, പന്ത്രോളി, പാടിക്കുന്ന്. | 16.07.2019 | 30,000/- |
| | | 02.12.2020 | 1,00,000/- |
| 19 | ഹസ്സൻകുട്ടി, തടിയക്കോടൻ, മുമ്മുള്ളി. | 16.07.2019 | 30,000/- |
| 20 | ബിന്ദു പാറക്കൽ, മുതീരി. | 20.07.2019 | 30,000/- |
| 21 | കാരി, അമ്പലക്കാല, മുമ്മുള്ളി. | 20.07.2019 | 30,000/- |
| | | 29.08.2019 | 30,000/- |
| | | 05.05.2020 | 1,00,000/- |
| | | 02.12.2020 | 1,00,000/- |
| | | 18.10.2022 | 1,00,000/- |
| 22 | ജിനേഷ്.എം.ആർ, കുറ്റഞ്ചേരി, | 20.07.2019 | 30,000/- |

| | | | | |
|---|---|---|---|---|
| | | | | |
| | | 29.08.2019 | 30,000/- | |
| | | 12.06.2020 | 70,000/- | |
| | മുമ്മുള്ളി. | 02.12.2020 | 1,00,000/- | |
| | | 16.02.2021 | 1,00,000/- | |
| 23 | ലത.കെ, കാക്കനാടൻ, അരുവാക്കോട്, നിലമ്പൂർ. | 20.07.2019 | 30,000/- | |
| | | 29.08.2019 | 30,000/- | |
| 24 | സുരേഷ്ബാബു, തരിയൻ, നെട്ടുമുണ്ടക്കുന്ന്. | 20.07.2019 | 30,000/- | |
| | | 29.08.2019 | 30,000/- | |
| | | 02.12.2020 | 1,00,000/- | |
| | | 08.06.2021 | 1,00,000/- | |
| | | 19.03.2022 | 1,00,000/- | |
| 25 | രാധിക.കെ, പുന്നപ്പാല, രാമങ്കുത്ത്. | 20.07.2019 | 30,000/- | |
| | | 29.08.2019 | 30,000/- | |
| 26 | ചക്കി, പാലപറമ്പൻ, പയ്യമ്പള്ളി, നിലമ്പൂർ. | 20.07.2019 | 30,000/- | |
| | | 29.08.2019 | 30,000/- | |
| | | 24.09.2020 | 1,00,000/- | |
| | | 26.03.2021 | 1,00,000/- | |
| | | 19.03.2022 | 1,00,000/- | |
| 27 | അശ്വതി, അമ്പലക്കാല, മുതീരി. | 20.07.2019 | 30,000/- | |
| | | 29.08.2019 | 30,000/- | |
| | | 24.09.2020 | 1,00,000/- | |
| 28 | തങ്കമ്മ, കേച്ചേരികിഴക്കേതിൽ, പാത്തിപ്പാറ. | 29.08.2019 | 30,000/- | |
| | | 20.07.2019 | 30,000/- | |
| | | 12.06.2020 | 70,000/- | |
| | | 24.09.2020 | 1,00,000/- | |
| 29 | ആമിന, പാറേക്കോടൻ, ലക്ഷംവീട്, ചാരംകുളം. | 06.09.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 30 | ലീലാവതി, പാണക്കാടൻ, അമ്പലക്കാല, നിലമ്പൂർ.R.S | 06.09.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 08.06.2021 | 30,000/- | |
| 31 | കമലം, പഴമ്പലക്കോട്, അരുവാക്കോട്. | 29.08.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 32 | പ്രഭാകരൻ, ആലിപ്പറമ്പൻ, | 29.08.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ |

| | | | | |
|---|---|---|---|---|
| | ജവഹർകോളനി. | 17.12.2019 | 1,00,000/- | അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 26.03.2021 | 1,00,000/- | |
| | | 09.06.2022 | 1,30,000/- | |
| 33 | അനിത, അമ്പലക്കാല, മുമ്മുള്ളി. | 29.08.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 34 | സറഫുന്നീസ, മൂത്തേടത്ത്, ലക്ഷംവീട്. | 03.10.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 24.09.2020 | 1,00,000/- | |
| | | 16.02.2021 | 1,00,000/- | |
| 35 | നഫീസ, കൊളക്കാടൻ, ലക്ഷംവീട്. | 03.10.2019 | 30,000/- | |
| | | 24.09.2020 | 1,00,000/- | |
| 36 | രാജേഷ്, അരുവാക്കാലൻ, മുതീരി. | 02.11.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 37 | രാധാമണി, കാളഞ്ചിറ, തെക്കുമ്പാടം. | 17.12.2019 | 30,000/- | 2019-20 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 26.03.2021 | 1,00,000/- | |
| | | 19.03.2022 | 70,000/- | |
| | | 09.06.2022 | 80,000/- | |
| 38 | മുണ്ടിച്ചി, കുറ്റഞ്ചേരി, മുമ്മുള്ളി. | 25.01.2020 | 30,000/- | |
| | | 08.06.2021 | 30,000/- | |
| 39 | രജനി, പനയങ്കോടൻ, വല്ലപ്പുഴ. | 26.08.2020 | 30,000/- | 2020-21 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| | | 20.03.2021 | 1,00,000/- | |
| 40 | മുണ്ടി, അരിപ്പറ്റ, വല്ലപ്പുഴ കോളനി. | 02.12.2020 | 1,00,000/- | |
| | | 18.10.2022 | 1,60,000/- | |
| 41 | അമ്മു.സി, ചെട്ടിയാംതൊടി, കല്ലേമ്പാടം, നിലമ്പൂർ. | 04.08.2021 | 40,000/- | 2020-21 സാമ്പത്തിക വർഷത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 42 | റംലത്ത്, കൊടവണ്ടി, അയ്യാർപൊയിൽ, നിലമ്പൂർ. | 19.03.2022 | 40,000/- | |
| 43 | സുഹാസ്.സി.കെ, ചേലേക്കോടൻ, മിനർവ്വപ്പടി. | 20.01.2022 | 40,000/- | |
| 44 | ഗോപാലകൃഷ്ണൻ, മണ്ണൂർക്കര, മുമ്മുള്ളി, നിലമ്പൂർ. | 29.02.2022 | 40,000/- | |
| 45 | ശങ്കരൻ, കാരാടൻ, പാലേങ്ങര. | 18.03.2022 | 40,000/- | |
| 46 | അമ്മിണി, അമ്പലക്കര, തെക്കുമ്പാടം, നിലമ്പൂർ. | 18.03.2022 | 40,000/- | |

| | | | |
|---|---|---|---|
| 47 | ബിന്ദു, ആന്തുരാൻ, കല്ലേംപാടം, നിലമ്പൂർ. | 30.03.2022 | 40,000/- |
| 48 | സുരേഷ്ബാബു, തലവൻ ഹൗസ്, മുമ്മുള്ളി, നിലമ്പൂർ. | 30.03.2022 | 40,000/- |

ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ/പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 44/25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനങ്ങളുടെ പൂർത്തീകരണത്തിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 കുടുംബശ്രീ കാർഷിക വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല - 2,00,000/- രൂപ പാഴ് ചെലവായി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 83/23 |
| പദ്ധതിയുടെ പേര് | കുടുംബശ്രീ - കാർഷിക വിപണന കേന്ദ്രം സ്ഥാപിക്കൽ. |
| അടങ്കൽ തുക | 2,00,000/- രൂപ. (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 2,00,000/- രൂപ. |
| ബിൽ നമ്പർ / തീയതി | BRN:22150747001700245546/25.06.2022 – 2,00,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

2022-23 സാമ്പത്തിക വർഷത്തിൽ നിലമ്പൂർ നഗരസഭയിൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ കാർഷിക വിപണന കേന്ദ്രം സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ. 83/2023) എന്ന പ്രൊജക്ട് പ്രകാരം സ്വകാര്യ വ്യക്തിയുടെ 31/663 നമ്പർ എന്ന കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന് 2,00,000/- രൂപ Kerala State Industrial Enterprises Ltd എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നടപ്പാക്കിയ അടിസ്ഥാന സൗകര്യങ്ങൾ നേരിൽ പരിശോധിക്കുന്നതിനായി നഗരസഭാ കാര്യാലയത്തിലെ പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) ടെ സാന്നിധ്യത്തിൽ 23.01.2024 ന് 3.30 Pm ന് നടത്തിയ സ്ഥല പരിശോധന നടത്തി. കാർഷിക വിപണന കേന്ദ്രത്തിന് വേണ്ടി KSIE Ltd മുഖേന അടിസ്ഥാന സൗകര്യമൊരുക്കി നൽകിയ 31/663 നമ്പർ കെട്ടിടത്തിൽ നിലവിൽ കാർഷിക വിപണന കേന്ദ്രം പ്രവർത്തിക്കുന്നില്ല. KSIE Ltd ന്റെ ഇൻവോയിസ് നമ്പർ.PKDBC/158/21-22 Dt: 31.03.2022 പ്രകാരം കെട്ടിടത്തിൽ സ്ഥാപിച്ചിരുന്ന Wall Mount Rac With 7 Nos Shelves, Wall Side Rack With Shelves, Crate Box, Flooring & Carpetting മുതലായവയൊന്നും തന്നെ കെട്ടിടത്തിൽ കാണാൻ സാധിച്ചിട്ടില്ല. നിലവിൽ ഈ കെട്ടിടത്തിൽ ശ്രീ.ഷൗക്കത്ത്.കെ, കോയങ്ങോടൻ ഹൗസ്, നിലമ്പൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള Soft Touch Ladies Innerwear & Collection എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം 2023 മാർച്ച് മാസം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. (നിലവിലുള്ള ലൈസൻസ് നമ്പർ/തീയതി.131249012300106/04.05.2023). ഇതിൽ നിന്നും ഏകദേശം മൂന്ന് മാസത്തോളം മാത്രമാണ് കാർഷിക വിപണന കേന്ദ്രം ഈ കെട്ടിടത്തിൽ പ്രവർത്തിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാവുന്നത്.

കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച കാർഷിക വിപണന കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല 13.10.2021ലെ നിലമ്പൂർ സി.ഡി.എസ് ഭരണസമിതിയുടെ 6-ാം നമ്പർ തീരുമാന പ്രകാരം ശ്രീമതി.നിഷ.കെ.പി, കാരാട്ട്പറമ്പിൽ എന്നവർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ശ്രീമതി.നിഷ.കെ.പി നഗരസഭയുമായി ചമച്ച കരാർ പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തൽ ചെയ്യുന്ന സാഹചര്യത്തിൽ, വിപണന കേന്ദ്രത്തിൽ കെ.എസ്.ഐ.ഇ മുഖേന സ്ഥാപിച്ചിരിക്കുന്ന ജംഗമ വസ്തുക്കൾ നഗരസഭ ഉടമസ്ഥതയിൽ തിരികെ നൽകിയതിന് ശേഷം മാത്രമേ കെട്ടിടം ഒഴിഞ്ഞു ഉടമസ്ഥന് നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനം അവസാനിക്കുന്ന വിവരം നഗരസഭയെ രേഖാമൂലം അറിയിക്കുകയോ കെ.എസ്.ഐ.ഇ മുഖേന സ്ഥാപിച്ചിരിക്കുന്ന ജംഗമ വസ്തുക്കൾ നഗരസഭക്ക് കൈമാറുകയോ ചെയ്തിട്ടില്ല. ഇവ വീണ്ടെടുക്കുന്നതിന് നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചു കാണുന്നില്ല.

പദ്ധതി രൂപീകരണ വേളയിലും നിർവ്വഹണ സമയത്തും കാർഷിക വിപണന കേന്ദ്രത്തിന്റെ വിജയ സാധ്യത പരിശോധിക്കാതെയും ഒരു നിശ്ചിത കാലത്തേക്കെങ്കിലും പ്രവർത്തിക്കും എന്ന് ഉറപ്പ് വരുത്താതെയും ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കുക വഴി 2,00,000/- രൂപ പാഴ്ച്ചെലവായി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതക്ക് വിശദീകരണം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുകയായ 2,00,000/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 51/25.01.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-29 സമഗ്ര നെൽകൃഷി വികസനം – വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ കുമ്മായം വാങ്ങി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 99/23 |
| പദ്ധതിയുടെ പേര് | സമഗ്ര നെൽകൃഷി വികസനം. |
| അടങ്കൽ തുക | 10,00,000 രൂപ. (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 9,15,008/- രൂപ. |
| ബിൽ നമ്പർ / തീയതി | BRN:22150747001200835767/28.11.2022 – 59,520/- രൂപ. |
| | BRN:22150747001200610432/06.10.2022 – 2,60,874/- രൂപ. |
| | BRN:22150747001201045934/16.01.2023 – 3,72,038/- രൂപ. |
| | BRN:22150747001201190816/15.02.2023 – 2,22,576/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ. | കൃഷി ഓഫീസർ. |

സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം The Malappuram District Rubber Co-Operative Marketting Society Ltd, Nilambur എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം കുമ്മായം വാങ്ങി നെൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/ തീയതി | തൂക്കം. | ഇൻവോയിസ് തുക (ജി.എസ്.ടി ഉൾപ്പെടെ) | അനുവദിച്ച് സബ്സിഡി തുക. |
|---|---|---|---|---|
| 1 | 1740/09.11.2022 | 4120 Kg. | 63,860/- | 47,895/- |
| 2 | 1742/09.11.2022 | 1000 Kg. | 15,500/- | 11,625/- |
| 3 | 1210/09.09.2022 | 6070 Kg. | 94,080/- | 70,559/- |
| 4 | 1252/16.09.2022 | 1850 Kg. | 28,674/- | 21,505/- |
| 5 | 1277/20.09.2022 | 2960 Kg. | 45,880/- | 34,410/- |
| ആകെ | | 16000 | 247994 | 185994 |

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖണ്ഡിക 6.1.1 പ്രകാരം പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങൽ നടപടിക്രമം പാലിച്ച് പർച്ചേസിംഗ് നടത്തി വിതരണം ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം ജൈവവളങ്ങളും ജൈവ/ജീവാണു കീടനാശിനികളും ഖണ്ഡിക 6.1.1 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ The Malappuram District Rubber Co-Operative Marketting Society Ltd, Nilambur ൽ നിന്നും നേരിട്ട് വാങ്ങലുകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഈ സ്ഥാപനത്തിൽ നിന്നും കുമ്മായം നേരിട്ട് വാങ്ങുന്നതിന് അനുമതിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :03/17.01.2024) കുമ്മായത്തിന്റെ ഗുണനിലവാരം പരിശോധിച്ചപ്പോൾ The Malappuram District Rubber Co-Operative Marketting Society Ltd, Nilambur നിന്നുള്ള കുമ്മായത്തിനാണ് ക്വാളിറ്റി കൂടുതലുണ്ടായിരുന്നതെന്നും ലോക്കൽ മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ വിലക്കാണ് കുമ്മായം വാങ്ങിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. കൃഷി വകുപ്പ് ഡയറക്ടറുടെ 01.08.2022 ലെ ADFW/ 6776/2022-TF2 നമ്പർ സർക്കുലറിലും കുമ്മായം വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വീട് വാസയോഗ്യമാക്കൽ – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 206/23 |
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ - എസ്.സി. |
| അടങ്കൽ തുക | 20,00,000 രൂപ. (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക | 9,50,000/- രൂപ. |

| | |
|---|---|
| ബിൽ നമ്പർ / തീയതി | BRN:22150747001701379224/16.03.2023 – 5,00,000/- രൂപ. |
| | BRN:22150747001701474252/25.03.2023 – 1,00,000/- രൂപ. |
| | BRN:22150747001701543603/28.03.2023 – 2,50,000/- രൂപ. |
| | BRN:22150747001701555005/29.03.2023 – 1,00,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ. | പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |

പട്ടികജാതി വിഭാഗക്കാർക്കുള്ള വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം 19 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്. ഇതിൽ 15 ഗുണഭോക്താക്കൾ 2023-24 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന 4 ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | അനുവദിച്ച തുക | |
|---|---|---|---|
| | | ബിൽ നമ്പർ/തിയ്യതി | തുക |
| 1 | തങ്ക.കെ.പി, പടിക്കല ഹൗസ്, വരടേംപാടം, നിലമ്പൂർ. | 22150747001701379224/16.03.2023 | 50,000 |
| 2 | സുധാകരൻ, ചെറുകത്ത് ഹൗസ്, നിലമ്പൂർ. | 22150747001701379224/16.03.2023 | 50,000 |
| 3 | പുഷ്പലത, ചെറുകുളമ്പിൽ ഹൗസ്, നിലമ്പൂർ. | 22150747001701543603/28.03.2023 | 50,000 |
| 4 | പ്രമോദ്.പി, പൂക്കോടൻ ഹൗസ്, ചക്കാലക്കത്ത്, നിലമ്പൂർ. | 22150747001701555005/29.03.2023 | 50,000 |

ഈ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :15/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ പൂർത്തീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 242/23 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.എ, സർവ്വ ശിക്ഷാ അഭിയാൻ ഫണ്ടിലേക്ക് വിഹിതം നൽകൽ |
| അടങ്കൽ തുക | 10,00,000/- രൂപ |
| ചെലവഴിച്ച തുക | 10,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>BRN 22150747002400128023/03.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഹെഡ്മാസ്റ്റർ. |

മേൽ പദ്ധതികൾ പ്രകാരം 10,00,000/- രൂപ എസ്.എസ്.കെ വിഹിതം ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്ര ശിക്ഷാ കേരള ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
1.തദ്ദേശഭരണ സ്ഥാപനങ്ങൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തണം.
2.എസ്.എസ്.കെ (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം.
3.പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.
4.ഖണ്ഡിക 8.6 (4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം.
5.എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം.
6.തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ

കേരളത്തിൽ നിന്നും കൃത്യമായി നൽകണം.

മേൽ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 1/16-1-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| നിർവഹണം | സീനിയർ വെറ്ററിനറി സർജൻ |
| പ്രൊജക്ട് | നം.173/23: മൃഗാശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ- | 1,50,000 (MG-NR) |
| ചെലവ്- | 1,50,000 (MG-NR) |

ഈ പ്രോജക്ട് പ്രകാരം ചുവടെ പറയുന്ന ചെലവുകൾ നടത്തിയതിൽ വിവിധ അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. (BRN) | ഇൻവോയ്സ് വിവരം | വാങ്ങിയ സാധനങ്ങൾ | അപാകതകൾ |
|---|---|---|---|---|
| 1 | 22150747001601484827/26-3-23 Rs. 50,000 | Invoice No. MJRI/ 22-23/385 Dt. 25-3-23 Of SIDCO Rs. 50,000 | 1) Refrigerator 284 Ltr @ 30,767.71 + 18% GST<br>2) Examination Table (140X60X75 CM) @ 11,610.16+ 18% GST | ടെണ്ടർ / ക്വട്ടേഷൻ രേഖകൾ ഇല്ല. SIDCOയിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുവാദമുള്ള സാധനങ്ങളാണോ എന്ന് വ്യക്തമാക്കുന്ന ഉത്തരവുകൾ ഫയലിൽ ഇല്ല. |
| 2 | 22150747001601484837/26-3-23 Rs. 50,000 | 1) Proforma Invoice No. TVM/ITBG/ P1/RC/ 42342 Dt 8-11-222 Of Keltron Rs. 35,040 | Advance For Multifunctional Printer | പ്രിന്റർ ലഭിച്ചിട്ടില്ല. Proforma Invoice ഉപയോഗിച്ച് പിൻവലിച്ച തുക മുൻകൂർ നൽകിയതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് ഓർഡർ ജനറേറ്റ് ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല. |
| | | Invoice No. MJRI/ 22-23/387 Dt. 25-3-23 Of SIDCO Rs.14,960 | 1) Prelaminated Board Table (120x60x75cm) @ 7624 = 18% GST<br>2) Computer Chair @ 5054 + 18% GST | ടെണ്ടർ / ക്വട്ടേഷൻ രേഖകൾ ഇല്ല. SIDCOയിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുവാദമുള്ള സാധനങ്ങളാണോ എന്ന് വ്യക്തമാക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | ഉത്തരവുകൾ ഫയലിൽ ഇല്ല. |
| 3 | 22150747001601484832/ 26-3-23 Rs. 50,000 | Invice No. MJRI/ 22-23/369 Dt. 23-3-23 Of SIDCO Rs. 50,000 | 1) L Shaped Executive Table With Drawer (180x90x75cm) @ 18500+ 18% GST<br>2) Executive High Back Revolving Chair @ 8024 + 18% GST<br>3) Air Port Chair 2Nos.@ 7924+ 18% GST | ടെണ്ടർ / ക്വട്ടേഷൻ രേഖകൾ ഇല്ല. SIDCOയിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുവാദമുള്ള സാധനങ്ങളാണോ എന്ന് വ്യക്തമാക്കുന്ന ഉത്തരവുകൾ ഫയലിൽ ഇല്ല. |

ക്രമ നമ്പർ 2 പ്രകാരമുള്ള പ്രിന്റർ ലഭ്യമാക്കുകയും, വാങ്ങിയ എല്ലാ സാധനങ്ങളുടെയും സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതും, ടെണ്ടർ നടപടികൾ പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കാനും ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/18-1-2024 ന്, ഈ പദ്ധതി നടത്തിപ്പിനായി സിഡ്കോയെ തെരഞ്ഞെടുത്തതിന് മാനദണ്ഡമായി സ്വീകരിച്ചത് സ.ഉ.(സാധാ) നം. 1969/2018/ തസ്വഭവ തി. 22-6-2018, GO(P) No. 104/2022/Fin Dt. 2-9-2022 എന്നിവയാണെന്ന് മറുപടി ലഭ്യമാക്കി.

1) സ.ഉ.(സാധാ) നം.1969/2018/ തസ്വഭവ തി. 22-6-2018 പ്രകാരം SIDCOയുടെ ചെറുകിട (MSME) യൂനിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ /സർക്കാരിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിങ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും SIDCOയെ ഒരു നോഡൽ ഏജൻസിയായി നിശ്ചയിച്ചാണ് ഉത്തരവായിട്ടുള്ളത്. GO(P) No. 104/2022/Fin Dt. 2-9-2022 പ്രകാരം ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ ചെയ്യാനുള്ള PMC ആയിട്ടുമാണ് അംഗീകരിച്ചിട്ടുള്ളത്.

വാങ്ങിയ സാധനങ്ങൾ ഏതെല്ലാം ചെറുകിട (MSME) യൂനിറ്റുകളിൽ ഉല്പാദിപ്പിച്ച ഉല്പന്നമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാത്തതിനാലും, PMC അടിസ്ഥാനത്തിലുള്ള പ്രവൃത്തികളല്ലാത്തതിനാലും വാങ്ങൽ നടപടികൾ സർക്കാർ ഉത്തരവിനു വിരുദ്ധമാണെന്ന് വ്യക്തമാണ്.

സർക്കാർ ഉത്തരവിനു വിരുദ്ധമായ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

2) പ്രിന്റർ ലഭ്യമാകാത്തതിന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ ലഭ്യമാക്കി സ്റ്റോക്ക് നമ്പർ നൽകി സ്റ്റോക്ക് രജിസ്റ്റർ വിവരങ്ങൾ സഹിതം മറുപടി അറിയിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതു വരെ 1,50,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-33 കന്നുകുട്ടി വിതരണം-ഇൻഷൂർ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവഹണം | സീനിയർ വെറ്ററിനറി സർജൻ |
| പ്രൊജക്ട് | നം.291/23: SC വനിതകൾക്ക് കന്നുകുട്ടി വിതരണം |
| അടങ്കൽ- | 6,90,000 (DF-SCP) + 2,30,000 (BC)= 9,20,000 |
| ചെലവ്- | 45,000 (DF-SCP) + 15,000 (BC) = 60,000 |
| ബിൽ നം. (BRN) | 22150747001601415913/21-3-2023 Rs. 45,000<br>Ch No. 000938/31-3-2023 Rs. 15,000 |

പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട 3 പേർക്ക് 15,000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ അതിലുൾപ്പെടുന്ന ശ്രീമതി. ലീല.കെ. കാരാടൻ എന്നയാളുടെ കന്നുകുട്ടിയെ ഇൻഷൂർ ചെയ്തതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഇൻഷൂർ ചെയ്യണമെന്ന നിബന്ധന ചേർത്തിട്ടുള്ളതിനാൽ പ്രസ്തുത രേഖ ഫയലിൽ ചേർത്തു ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/18-1-2024ന്, ഈ പദ്ധതിയിൽ ഉൾപ്പെട്ട ഉരുക്കളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ആയിരുന്നു ഇൻഷൂർ ചെയ്തതെന്നും,

അതിനായി കന്ന കുട്ടികളെ എൻറോൾ ചെയ്യപ്പോൾ ഒരേ അഡ്രസ് ആയതിനാൽ ലീല കാരാടൻ എന്നവരുടെയും ശങ്കരൻ കാരാടൻ എന്നവരുടെയും കന്ന കുട്ടികൾ തമ്മിൽ മാറിപ്പോയതാണെന്നും അറിയിച്ചു. എന്നാൽ ലീല കാരാടൻ എന്നവരുടെ കന്നുകുട്ടിയെ ഇൻഷൂർ ചെയ്ത രേഖ ഹാജരാക്കിയില്ല.
ഈ പ്രൊജക്ട് പ്രകാരമുള്ള ഗുണഭോക്താവായ ലീല കാരാടൻ എന്നവരുടെ കന്നുകുട്ടിയെ ഇൻഷൂർ ചെയ്ത രേഖ ഹാജരാക്കുന്നതു വരെ ചെലവു തുക 15,000 രൂപ തടസ്സം ചെയ്യുന്നു.

## 1-34 കോഴിവളർത്തൽ- വിതരണ വിവരം ലഭ്യമല്ല

| | | |
|---|---|---|
| 1) | പ്രൊജക്ട് | നം.170/23: അടുക്കള മുറ്റത്ത് കോഴി വളർത്തൽ- വനിത |
| | അടങ്കൽ- | 1,80,000 (DF-G) |
| | ചെലവ്- | 1,80,000 (DF-G) |
| | ബിൽ നം. (BRN) | 2215074700160141O459/16-3-2023 Rs. 1,80,000 |
| 2) | പ്രൊജക്ട് | നം.174/23: അടുക്കള മുറ്റത്ത് കോഴി വളർത്തൽ- വനിത(SC) |
| | അടങ്കൽ- | 43,800 (DF-G) |
| | ചെലവ്- | 36,000 |
| | ബിൽ നം. (BRN) | 22150747001601410498/16-3-2023 Rs. 36,000 |

സീനിയർ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മുകളിൽ കാണിച്ച രണ്ട് പ്രൊജക്ടുകളിലൂടെ 45-60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ നിതിലം എഗ്ഗർ നഴ്സറി, കരുവാരക്കുണ്ട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാതകതകൾ കാണുന്നു.

1) ക്രമ നം.1 ലെ പ്രൊജക്ട് പ്രകാരം **Invoice No. 212/7-2-2023** മുഖേന **1500** കോഴിക്കുഞ്ഞുങ്ങളെ @ 120 വാങ്ങിയിട്ടുണ്ട്. Live Stock Register ന്റെ **Page 27-ൽ** ആയത് സ്റ്റോക്കിലെടുക്കുകയും ഗുണഭോക്താക്കളായ **300 പേർക്ക്** നൽകി എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ **300 പേർ** ആരാണെന്ന് വ്യക്തമാകുന്ന രേഖപ്പെടുത്തലോ ലിസ്റ്റോ ഫയലിൽ ഇല്ല. ബില്ലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള, നഗരസഭ കൈമാറിയ ഗുണഭോക്തൃ ലിസ്റ്റിൽ **700 പേരുണ്ട്.** ഇതിൽ കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയ **300 പേര്** ആരാണെന്ന് വ്യക്തമാകുന്ന പട്ടിക ഇല്ല. അപേക്ഷകൾ നമ്പരിടുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്യാതെ കെട്ടി വച്ചിരിക്കുകയാണ്. അപേക്ഷയോടൊപ്പം ചേർത്തു വച്ച കൈപ്പറ്റ് ഫോറത്തിൽ ഗുണഭോക്താവ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, വാർഡ് കൗൺസിലർ എന്നിവർ ഒപ്പിടേണ്ട ഭാഗങ്ങളുണ്ട്. ചിലരുടെ ഫോറങ്ങളിൽ മാത്രം കൗൺസിലർ ഒപ്പു വച്ചിട്ടുണ്ടെങ്കിലും ഈ മൂന്നു പേരും പൂർണമായി ഒരു ഫോറത്തിലും ഒപ്പു വച്ചിട്ടില്ല.

2) ക്രമ നം.2 ലെ പ്രൊജക്ട് പ്രകാരം **Invoice No. 213/15-2-2023** മുഖേന **300** കോഴിക്കുഞ്ഞുങ്ങളെ @ 120 വാങ്ങിയിട്ടുണ്ട്. Live Stock Register ന്റെ **Page 28-ൽ** ആയത് സ്റ്റോക്കിലെടുക്കുകയും ഗുണഭോക്താക്കളായ **60 പേർക്ക്** നൽകി എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ **60 പേർ** ആരാണെന്ന് വ്യക്തമാകുന്ന രേഖപ്പെടുത്തലോ ലിസ്റ്റോ ഫയലിൽ ഇല്ല. ബില്ലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള, നഗരസഭ കൈമാറിയ ഗുണഭോക്തൃ ലിസ്റ്റിൽ **73 പേരുണ്ട്.** ഇതിൽ കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയ **60 പേർ** ആരാണെന്ന് വ്യക്തമാകുന്ന പട്ടിക ഇല്ല. അപേക്ഷകൾ നമ്പരിടുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്യാതെ കെട്ടി വച്ചിരിക്കുകയാണ്. അപേക്ഷയോടൊപ്പം ചേർത്തു വച്ച കൈപ്പറ്റ് ഫോറത്തിൽ ഗുണഭോക്താവ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, വാർഡ് കൗൺസിലർ എന്നിവർ ഒപ്പിടേണ്ട ഭാഗങ്ങളുണ്ട്. ചിലരുടെ ഫോറങ്ങളിൽ മാത്രം കൗൺസിലർ ഒപ്പു വച്ചിട്ടുണ്ടെങ്കിലും ഈ മൂന്നു പേരും പൂർണമായി ഒരു ഫോറത്തിലും ഒപ്പു വച്ചിട്ടില്ല. അതിനാൽ ഏതെല്ലാം ഗുണഭോക്താക്കളാണ് കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയതെന്നോ, കൈപ്പറ്റിയവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നോ വ്യക്തമല്ല.

കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ, അപേക്ഷയുടെ ക്രമ നമ്പർ എന്നിവ വ്യക്തമാകുന്ന പട്ടിക ഫയലിൽ ചേർത്തു ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/18-1-2024ന് താഴെ പറയുന്ന മറുപടി 25-1-2024 ന് ലഭ്യമാക്കി.
"മേൽ പദ്ധതികളുടെ കൈപ്പറ്റ് ഫോറത്തിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് കൗൺസിലർമാരുടെ ഒപ്പ് എത്രയും പെട്ടെന്ന് രേഖപ്പെടുത്തി അപാകത പരിഹരിക്കുന്നതാണ്.
കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ അനുസരിച്ചുള്ള പട്ടികകൾ ഇതോടൊപ്പം സമർപ്പിക്കുന്നു."
ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ അനുസരിച്ചുള്ള പട്ടിക തയ്യാറാക്കി സെക്രട്ടറി മുഖേന മറുപടി സമർപ്പിച്ചെങ്കിലും ആയതു പരിശോധിക്കുവാനുള്ള ഫയൽ ഹാജരാക്കിയില്ല. ഫയലിൽ ചേർത്തു സമർപ്പിക്കാനാണ് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നത്. ഇതിനു വിരുദ്ധമായി, പട്ടിക തയ്യാറാക്കി സെക്രട്ടറി വഴി ഓഡിറ്റിനു സമർപ്പിച്ചതിനാൽ, ടി വിവരം ഇപ്പോഴും ഫയലിൽ ഇല്ല.

അപാകതകൾ പൂർണമായും പരിഹരിച്ച കൈപ്പറ്റുകൾ, പട്ടിക എന്നിവ ഫയലിൽ ചേർത്തു പരിശോധനക്കായി സമർപ്പിക്കുന്നതു വരെ ആക ചെലവു തുക 2,16,000 രൂപ തടസ്സം ചെയ്യുന്നു.

## 1-35 ഐ.സി.ഡി.എസ്. സൂപ്പർവൈസർ-കട്ടിൽ വിതരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 222/23 : വയോജന സൗഹൃദ നഗരസഭ- വയോജനങ്ങൾക്ക് കട്ടിൽ നൽകലും കെയർ ഗിവർ പരിശീലനവും- ജനറൽ |
| അടങ്കൽ | 12,00,000 (DF-G) |
| ചെലവ് | 11,94,475 |

ഈ പ്രൊജക്ട് പ്രകാരം ARTCO -യിൽ നിന്നും താഴെ പറയും പ്രകാരം നേരിട്ട് കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | വിവരണം | എണ്ണം | നിരക്ക് | ബിൽ നം. (BRN) |
|---|---|---|---|---|---|
| 1 | KKD 375/25-2-23 Rs. 3,46,000 | COT 4325-HW/AW COT-198X90CM (Front Leg 60 Cm, Back Leh 50 Cm ) 8mm Plywood Top (HSN ACN -9403) | 80 | @ 3665.25 + 18% GST = 4325 | 22150747001901258311/27-2-23 Rs. 7,78,500 |
| 2 | KKD 305/13-2-23 Rs. 4,32,500 | ,, | 100 | ,, | ,, |
| 3 | KKD 377/25-2-22 Rs. 3,11,400 | ,, | 72 | ,, | 22150747001901507259/28-3-23 Rs. 3,11,400 |
| | **TOTAL** | | **252** | | **10,89,900** |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**1) സർക്കാർ അനുമതിക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങി.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി ARTCO -യിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022, GO(Rt) 21/ 20223/SPD Dt 24.02.2023 തുടങ്ങിയ ഉത്തരവുകൾ പുറപ്പെടുവിച്ചതാണ്.

മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനവും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത കട്ടിൽ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകിയതിൽ ഉൾപ്പെടുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2) സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല.**

കട്ടിലുകൾ വാങ്ങിയ ഇൻവോയ്സുകളിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക്, വിതരണ വിവരവും, ഗുണഭോക്താക്കളുടെ അർഹതയും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/24-1-2024ന് ലഭിച്ച മറുപടിയിൽ, നിർവഹണം നടത്തിയ സൂപ്പർവൈസറിൽ നിന്നും വിശദീകരണം വാങ്ങി ലഭ്യമാക്കുന്നതാണെന്ന് നിലവിലെ സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക **10,89,900** രൂപ തടസ്സം ചെയ്യുന്നു.

## 1-36 പകൽവീട്- രേഖകൾ ലഭ്യമല്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | |
| പ്രൊജക്ട് | നം.13/23: പകൽവീട് (സായം പ്രഭ)- കെയർ ഗിവർക്ക് ഓണറേറിയം നൽകൽ | |
| അടങ്കൽ- | 90,000 (DF-G) | |
| ചെലവ്- | 88,746 | |
| ബിൽ നം. (BRN) | 1) 22150747001900757651/9-11-2022 Rs. 46,746 | 11-3-2022 To 30-9-2022 @ 7000/Pm |
| | 2) 22150747001901183229/14-2-23 Rs. 28,000 | 10/22 To 1/23 @ 7000/Pm |
| | 3) 22150747001901403771/19-3-23 Rs. 14,000 | 2/23 To 3/23 @ 7000/Pm |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) കെയർ ഗിവറുടെ ഹാജർ വിവരം ലഭ്യമല്ല.

2)നിയമന രേഖകൾ, കരാർ, സേവന വ്യവസ്ഥകൾ എന്നിവ ഹാജരാക്കിയില്ല.

3) ഫയലിൽ ഒരു കൈപ്പറ്റ് രസീതി മാത്രമാണ് ഉള്ളത്. അതിൽത്തന്നെ ആളുടെ പൂർണ മേൽവിലാസമോ ആധാർ രേഖകളോ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത രേഖകൾ ഫയലിൽ ചേർത്തു ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/24-1-2024 ന് ലഭിച്ച മറുപടിയിൽ, ഹാജർ രേഖകൾ കെയർഗിവറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് കിട്ടുന്ന മുറയ്ക്ക് ഫയലിൽ ചേർക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമനവുമായി ബന്ധപ്പെട്ട രേഖകൾ മുനിസിപ്പാലിറ്റിയിൽ ഉണ്ടെന്നും ആയത് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
രേഖകൾ ലഭ്യമാക്കി, അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 88,746 രൂപ തടസ്സം ചെയ്യുന്നു.

## 1-37 അങ്കണവാടി സ്മാർട്ടാക്കൽ - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം. / പേര് | 102/23 : അങ്കണവാടി സ്മാർട്ടാക്കൽ |
| അടങ്കൽ | 26,00,000 (MG-NR) |
| ചെലവ് | 25,97,474<br>Inv No - MJRI/22-23/115/13-12-22 Rs. 25,97,474<br>( ബിൽ നം- 22150747001901258313/27-2-23 Rs. 9,97,474, 22150747001901393215/17-3-23 Rs. 8,00,000, 22150747001901507256/27-3-23 Rs. 8,00,000 ) |

ഈ പ്രൊജക്ട് പ്രകാരം SIDCO -യിൽ നിന്നും 'ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് 22 ഇനം ഉപകരണങ്ങൾ വാങ്ങുകയും Painting Work ചെയ്യുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തിയും വിവിധ സാധനങ്ങളുടെ സപ്ലൈയുമാണ് പ്രൊജക്ട്പ്രകാരം നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ടെണ്ടർ കൂടാതെ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനും സർക്കാർ നിർദ്ദേശിച്ച നിബന്ധനകൾ പാലിക്കാതെയാണ് ഈ പ്രൊജക്ട് SIDCO മുഖേന നടപ്പിലാക്കിയത് എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**I) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി- സർക്കാർ ഉത്തരവ് പാലിക്കാതെ പ്രവൃത്തി നടപ്പാക്കി.**

സർക്കാർ ഉത്തരവ് GO(P) 104/2022/Fin Dt 02.09.2022 പ്രകാരം SIDCO യെ ജനറൽ സിവിൽ പ്രവൃത്തികൾ PMC

എന്നരീതിയിൽ നടപ്പിലാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായാണ് അംഗീകരിച്ചിട്ടുള്ളത്.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നത് GO(P) 67/2021/Fin Dt 28.04.2021 നം ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചതാണ്

ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1) PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. മറിച്ച് പ്രവൃത്തി പ്ലാൻ, ഡിസൈൻ , എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവയാണ് ചെയ്യേണ്ടത്. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്.

2) പ്രവൃത്തി നടത്തുന്നതിനുള്ള PMC അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ ബിഡ്ഡിംഗ് നടപടികൾ പാലിക്കേണ്ടതുണ്ട്.

3) എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കണം.

4) പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചായിരിക്കണം പ്രവൃത്തി നടത്തേണ്ടത്.

പ്രൊജക്ട് നടത്തിപ്പിൽ മേൽ പരാമർശിക്കുന്ന നിബന്ധനകളൊന്നും പാലിച്ചിട്ടില്ല.

1) PMC ആയി അംഗീകാരം ലഭിച്ച SIDCO കരാറുകാർ മുഖേനയായിരുന്നു പ്രവൃത്തി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ പദ്ധതി SIDCO നേരിട്ട് നടപ്പിലാക്കുകയും പണം നേരിട്ട് സിഡ്കോ ക്ക് നൽകുകയുമാണ് ചെയ്തത്.

2) എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടില്ല

3) നടപ്പാക്കിയ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയിട്ടില്ല.

4) പ്രവൃത്തി നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

**II) ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങൽ – സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി SIDCO -യിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ( GO(RT) 33/2021/SPD Dt 22.11.2021 & GO(RT) 97/2022/SPD Dt 23.12.2022) ഈ ഉത്തരവുകളിൽ പരാമർശിക്കാത്ത സാധനങ്ങൾ എല്ലാംതന്നെ വാങ്ങൽ നടപടികൾ പാലിച്ചാണ് വാങ്ങേണ്ടതും എന്നും ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ മേൽ ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതി നൽകിയ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടില്ല.

25 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പ്രൊജക്ടിൽ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതിയില്ലാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങിയത് പദ്ധതി നടത്തിപ്പിലെ സുതാര്യത ഇല്ലാതെയാക്കി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമൂലം നഗരസഭാ ഫണ്ടിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോ എന്നത് ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**III) സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല.**

വാങ്ങിയ ഇൻവോയ്സുകളിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക്, വിതരണ വിവരവും, അർഹതയും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/24-1-2024ന് ലഭിച്ച മറുപടിയിൽ, നിർവഹണം നടത്തിയ സൂപ്പർവൈസറിൽ നിന്നും വിശദീകരണം വാങ്ങി ലഭ്യമാക്കുന്നതാണെന്ന് നിലവിലെ സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

ടെണ്ടർ കൂടാതെ വാങ്ങൽ നടത്തിയത് വഴി നഗരസഭാ ഫണ്ടിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോ എന്നതിൽ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിൽ ചെലവ് ചെയ്ത 25,97,474 രൂപ തടസ്സം ചെയ്യുന്നു.

## 1-38 സാമൂഹ്യസുരക്ഷാ മിഷന് വിഹിതം-അനുബന്ധ രേഖകൾ ലഭ്യമല്ല.

| | |
|---|---|
| നിർവഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ട് | നം.13/23: സാമൂഹ്യ സുരക്ഷാ മിഷന് നഗര സഭയുടെ വിഹിതം |

| | |
|---|---|
| | നൽകൽ |
| അടങ്കൽ- | 15,00,000 (DF-G) |
| ചെലവ്- | 15,00,000 |
| ബിൽ നം. (BRN) | 22150747001900729359/3-11-22 Rs. 15,00,0000 |

സാമൂഹ്യ സുരക്ഷാ മിഷന് നഗര സഭയുടെ വിഹിതം നൽകൽ എന്ന ഈ പദ്ധതി നിർവഹണം നടത്തുന്നത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ആണെങ്കിലും പദ്ധതി പ്രകാരം എന്താവശ്യത്തിനാണ് തുക നൽകിയതെന്നും എങ്ങനെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുന്ന രേഖകൾ ICDS സൂപ്പർവൈസർ ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 38/24-1-2024 മുഖേന വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ തുക മുഴുവൻ ചെലവഴിച്ചു എന്ന പരാമർശം മാത്രമാണുള്ളത്.
നഗരസഭ നൽകുന്ന തുക എങ്ങനെ, എന്തിനെല്ലാം ചെലവഴിച്ചു എന്ന് നഗരസഭയ്ക്ക് പരിശോധിച്ച് ബോധ്യമാകുന്ന വിധത്തിൽ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-39 രജിസ്ട്രേഷനുള്ള വായനശാലകൾക്ക് പത്രമാസികകൾ നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ്നം. 25/23

രജിസ്ട്രേഷനുള്ള വായനശാലകൾക്ക് പത്രമാസികകൾ നൽകൽ

വിനിയോഗിച്ച തുക -71,055 (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

വൗച്ചർ നം. 22200371/ 26.07.22 – 11,880

വൗച്ചർ നം. 22200565/ 13.09.22 – 7,920

വൗച്ചർ നം. 22200869/ 02.12.22 – 9,450

വൗച്ചർ നം. 22201047/ 12.01.23 – 9,720

വൗച്ചർ നം. 22200481/ 10.08.22 – 2,880

വൗച്ചർ നം. 22200042/ 12.04.22 – 7,920

വൗച്ചർ നം. 22201461/ 31.03.23 – 9,720

വൗച്ചർ നം. 22201247/ 28.02.23 – 11,565

രജിസ്ട്രേഷനുള്ളതും , കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗികാരമുള്ളതുമായ വായനശാലകൾക്ക് പത്രമാസികകൾ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ സ്ഥാപനങ്ങളുടെ വിവരം താഴെ നൽകുന്നു.

| ക്രമനം. | വായനശാലയുടെ പേര് |
|---|---|
| 1 | വീട്ടികുത്ത് സാംസ്കാരിക നിലയം |
| 2 | കല്ലേമ്പാടം വായനശാല കല്ലേമ്പാടം |
| 3 | യുണൈറ്റഡ് ക്ളബ് ,കോവിലകത്ത്മുറി |
| 4 | ഡോ. ഉസ്മാൻ സ്മാരക വായനശാല ,കളത്തിൻകടവ് |
| 5 | ഇ എം എസ് സ്മാരക സാംസ്കാരിക നിലയം ,നിലമ്പൂർ |
| 6 | ലിപി ജനകീയ വായനശാല തൊണ്ടിയിൽ |
| 7 | സാർക്ക് വായനശാല ,ചക്കാലക്കുത്ത് |
| 8 | നല്ലംതണ്ണി വായനശാല ,നല്ലംതണ്ണി |
| 9 | സദ്ഗമയ വായനശാല ,ചന്തക്കുന്ന് |
| 10 | ചൈതന്യ ആർട് ആന്റ് സ്പോർട് ക്ലബ് ,മുതുകാട് |
| 11 | നവോദയ ലൈബ്രറി ആർട് ആന്റ് സ്പോർട്സ് ക്ളബ് ,രാമംകുത്ത് |

എന്നാൽ മേൽ പരാമർശിച്ച വായനശാലകൾക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗികാരമുള്ളതിന്റെയും സോസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1860 പ്രകാരം രജിസ്ട്രേഷനുള്ളതിന്റെയും ആയത് പുതുക്കിയതിന്റെയും (പ്രോജക്റ്റ്

വർഷം ) വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 25/22-23/23.01.24)മറുപടി ലഭ്യമാക്കിയില്ല.
രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

2022-23 വർഷത്തിലെ വാടക ഡിമാന്റ്- കളക്ഷൻ -ബാലൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വാടകക്കാർ 2022-23 വർഷത്തിലെ വാടക ഇനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം | പേര് | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| 1 | 25/723 | അബ്ദുൾ സത്താർ | 17612 | 2023-24 വർഷത്തിലും ടിയാൾ കെട്ടിടം ഉപയോഗിക്കുന്നുണ്ടെങ്കിലും 2023-24 ലും ഓഡിറ്റ് തിയ്യതി വരെയും (22.01.2024) വാടക അടവാക്കിയിട്ടില്ല. |
| 2 | 25/720 | സിദ്ദിഖ് തെക്കാരത്തൊടിക | 14364 | 2023-24 വർഷത്തിലും ടിയാൾ കെട്ടിടം ഉപയോഗിക്കുന്നുണ്ടെങ്കിലും 2023-24 ലും ഓഡിറ്റ് തിയ്യതി വരെയും (22.01.2024) വാടക അടവാക്കിയിട്ടില്ല. |
| 3 | 25/719 | ജമാലുദ്ദീൻ | 7152 | 2023-24 വർഷത്തിലും ടിയാൾ കെട്ടിടം ഉപയോഗിക്കുന്നുണ്ടെങ്കിലും 2023-24 ലും ഓഡിറ്റ് തിയ്യതി വരെയും (22.01.2024) വാടക അടവാക്കിയിട്ടില്ല. |
| 4 | 25/717 | മുഹമ്മദ് കുട്ടി | 2394 | 2023-24 വർഷത്തിലും ടിയാൾ കെട്ടിടം ഉപയോഗിക്കുന്നുണ്ടെങ്കിലും 04/2023 ലെ വാടക മാത്രമാണ് അടവാക്കിയിട്ടുള്ളത്. |
| 5 | 1/908 P1 | അബു വടക്കുംപാടത്ത് | 600 | 2023-24 വർഷത്തിൽ ടിയാൾ കെട്ടിടം ഉപയോഗിക്കുന്നില്ല. |
| 6 | 1/908 P6 | മുഹമ്മദ് വടക്കുംപാടത്ത് | 50360 | 2023-24 വർഷത്തിലും ടിയാൾ കെട്ടിടം ഉപയോഗിക്കുന്നുണ്ടെങ്കിലും 2023-24 ലും ഓഡിറ്റ് തിയ്യതി വരെയും (22.01.2024) വാടക അടവാക്കിയിട്ടില്ല. |
| 7 | 1/908 P10 | നജാത്തുള്ള | 18064 | 2023-24 വർഷത്തിൽ ടിയാൾ കെട്ടിടം ഉപയോഗിക്കുന്നില്ല. |
| 8 | 5/888-G1 | ഷൗക്കത്ത് തൊണ്ടിയിൽ | 5419 | 2023-24 വർഷത്തിൽ ടിയാൾ കെട്ടിടം ഉപയോഗിക്കുന്നില്ല. |
| 9 | 1/908 P 11 | സാലി ജോസ് | 27860 | 01/10/2023 മുതൽ ടിയാൾ കെട്ടിടം ഉപയോഗിക്കുന്നില്ല. |
| | | ആകെ | 1,43,825 | |

1). നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ വാടകക്കാരുമായി കരാർ വെക്കുകയും തുടർ വർഷങ്ങളിലും കെട്ടിടം അനുവദിക്കുന്ന അവസരത്തിൽ കരാർ പുതുക്കി നൽകുകയും ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2). 2022-23 വർഷത്തിൽ കുടിശ്ശിക വരുത്തിയവർക്ക് 2023-24 വർഷത്തിലും കെട്ടിടം അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3). വാടകക്കാരിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുകയും വാടകയിൽ വർദ്ധനവ് വരുന്നതിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വർദ്ധനവ് വരുത്തുകയും ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം, നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും വാടകക്ക് നൽകാൻ സ്വീകരിച്ച നടപടികളുടെ വിവരവും പരിശോധനക്ക് ലഭ്യമാക്കണം.

4). 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 393424 രൂപ 2022-23 ൽ വാടക ഇനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. യഥാർത്ഥ കുടിശ്ശികയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് മേൽ ഓഡിറ്റ് എൻക്വയറി നമ്പർ.20/23.01.2024 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. വാടക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-41 ഹെൽത്ത് ഓഫീസർ- കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) No.177/2006/Fin Dt: 12.04.2006 നമ്പർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഹെൽത്ത് ഓഫീസർ 2022-23 സാമ്പത്തിക വർഷത്തിൽ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.19/23.01.2024 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-42 സ്ഥാപനങ്ങളിൽ സാനിറ്ററി പാഡ് ഇൻസിനറേറ്റർ സ്ഥാപിക്കൽ -അപാകതകൾ.

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ, വിവിധ സ്ഥാപനങ്ങളിൽ സാനിറ്ററി പാഡ് വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ (227/23) പദ്ധതി പ്രകാരം 356000/- (ധനകാര്യകമ്മീഷൻ അവാർഡ് വൗച്ചർ.നം. 22201434/30.03.2023) രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതു ശൗചാലയങ്ങളിലെ സ്ത്രീകളുടെ ടോയ്‌ലറ്റിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യംവെച്ചത്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതീകരണ പ്രവൃത്തികൾ നഗരസഭ നിർവ്വഹിക്കുകയും ആയത് പ്രവർത്തിപ്പിക്കുന്നതിനായുള്ള വൈദ്യുതിയും ശുചീകരണ പ്രവർത്തനവും സ്ഥാപനത്തിന്റെ ചുമതലയായിരിക്കുന്നതുമാണ്. ഇതിനായി അനുമതി നൽകുന്നതിനായി ജില്ലാ ഓഫീസർ KSRTC, നോർത്ത് ഡി.എഫ്.ഒ , സയന്റിസ്റ്റ് ഇൻ ചാർജ് - കെ.എഫ്,ആർ ഐ, സൂപ്രണ്ട് ജില്ലാ ആശുപത്രി എന്നിവർക്ക് കത്ത് നൽകിയതായി കാണുന്നു. എന്നാൽ മേൽ കത്തിന് ലഭ്യമായ മറുപടി ഫയലിൽ ലഭ്യമല്ല.

1). ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത Happy Hands Global എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇൻവോയ്സ് നമ്പർ HHG-2022/23-A071 /27.03.2023 നമ്പർ ഇൻവോയ്സ് (356000/-) പ്രകാരം 8 സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുകയും ചെയ്തിട്ടുണ്ട്.എന്നാൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

2).8 ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന 8 സ്ഥാപനങ്ങൾ പരിശോധിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.07.2023 ലെ തീരുമാനം 12 പ്രകാരം അംഗീകരിച്ചിട്ടുണ്ട് പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (Below 3%) ശ്രീ റഷീദ് എന്നിവരുടെ ക്വട്ടേഷൻ അംഗീകരിച്ചതായും കാണുന്നു.

1.വടപുറം

2.തേക്ക് മ്യൂസിയം

3.മുനിസിപ്പൽ ഓഫീസ്

4.ചന്തക്കുന്ന് ബസ് സ്റ്റാന്റ്

5.നിലമ്പൂർ പുതിയ ബസ് സ്റ്റാന്റ്

6.ഗവൺമെന്റ് ഹോസ്പിറ്റൽ

7.KSRTC ബസ് സ്റ്റാന്റ്

8.കനോലി പ്ലോട്ട്

14.07.2023 നാണ് KSRTC ബസ് സ്റ്റാന്റ് ഒഴികെയുള്ള വൈദ്യുതീകരണ പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളത്.

3). KSRTC ബസ് സ്റ്റാന്റിൽ നിലവിൽ ഇൻസിനറേറ്റർ ഉള്ളതിനാൽ ബാക്കി വന്ന ഇൻസിനറേറ്റർ എം.സി.എഫിലെ

ബാത്ത് റൂമിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15.07.2023 ലെ തീരുമാനം 3 പ്രകാരം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1).ആവശ്യകത നിർണ്ണയിക്കാതെയാണ് 8 സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററുകൾ ലഭ്യമാക്കുന്നതിനായി സപ്ലൈ ഓർഡർ നൽകിയതെന്ന് വ്യക്തമാകുന്നു.

2).2023-24 വർഷത്തിലാണ് പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്.

3).ഓഡിറ്റിന്റെ ഭാഗമായി 22.01.2024 ന് നഗരസഭാ ഓഫീസിൽ പ്രവർത്തിക്കുന്ന എം.സി. എഫ് സന്ദർശിച്ചതിൽ ഇവിടെ സ്ഥാപിച്ച നാപ്കിൻ ഇൻസിനറേറ്റർ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. നഗരസഭാ ഓഫീസിൽ സ്ഥാപിച്ചത് ഓഡിറ്റ് തിയ്യതി വരെയും (22.01.2024) ഉപയോഗപ്പെടുത്തിയിട്ടില്ല.

4).വടപുറം, തേക്ക് മ്യൂസിയം, ചന്തക്കുന്ന് ബസ് സ്റ്റാന്റ്, നിലമ്പൂർ പുതിയ ബസ് സ്റ്റാന്റ്, ഗവൺമെന്റ് ഹോസ്പിറ്റൽ, കനോലി പ്ലോട്ട് എന്നിവിടങ്ങളിൽ സ്ഥാപിച്ചവയുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വടപുറം, തേക്ക് മ്യൂസിയം, ചന്തക്കുന്ന് ബസ് സ്റ്റാന്റ്, നിലമ്പൂർ പുതിയ ബസ് സ്റ്റാന്റ്, ഗവൺമെന്റ് ഹോസ്പിറ്റൽ, കനോലി പ്ലോട്ട് എന്നിവിടങ്ങളിൽ സ്ഥാപിച്ചവയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.30/23.01.2024 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-43 ബയോ ബിൻ വിതരണം- അപാകതകൾ

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ (89/23) പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ (89/23) |
| അടങ്കൽ | 3906623(CFC)+ 5368440 (കേന്ദ്രാവിഷ്കൃത) +3573847 (സംസ്ഥാനാവിഷ്കൃതം)= 12848910/- |
| ചെലവ് | 995769(CFC)+2925300 (കേന്ദ്രാവിഷ്കൃതം) +1449914(സംസ്ഥാനാവിഷ്കൃതം)=5370983/- <br>ബി.നം.361/31.03.2023- 9,95,769/-<br>22200165/22.05.2022-1384020/-<br>22200208/07.062022- 1300000/-<br>22200417/04.08.2022-796490/-<br>22201458/31.03.2023- 894704/- |

187/22 പദ്ധതി പ്രകാരം 3000 ബയോ ബിന്നുകൾ വാങ്ങിയതിൽ ഇൻവോയ്സ് 0216/30.03.2022 പ്രകാരം വെൽഫയർ സർവ്വീസസ് എറണാകുളം എന്ന സ്ഥാപനത്തിന് നൽകേണ്ട തുകയിൽ അവശേഷിച്ച തുക 3480510/- രൂപയും 89/23പദ്ധതിക്കായി ഇൻവോയ്സ് 127/24.03.2023 പ്രകാരം സഹൃദയ ടെക് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ 1200 ബയോ ബിന്നുകൾക്ക് തുക നൽകുന്നതിനുമാണ് പണം ചെലവഴിച്ചിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ ബയോ ബിൻ വിതരണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1). ബയോ ബിന്നുകളുടെ തകരാർ പരഹരിച്ച വിവരം ലഭ്യമല്ല

187/22 പദ്ധതി പ്രകാരം 3000 ബയോ ബിന്നുകൾ വാങ്ങിയതിൽ 933 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ 2021-22 വർഷ ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിരുന്നു.(2021-22 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖ.1-44). കൂടാതെ ഇതിൽ 1857 ബിന്നുകളുടെ അടപ്പുകൾ കേടുവന്നിട്ടുള്ളതാണെന്നും ആയതിനാൽ ബയോ ബിൻ അടപ്പുകൾ സംബന്ധിച്ച പരാതി വെൽഫയർ സർവ്വീസസ് എന്ന കമ്പനിക്ക് അയക്കാവുന്നതാണെന്നും 24.11.2022 ന് സെക്ഷൻ കുറിപ്പ് എഴുതിയിട്ടുണ്ടെങ്കിലും തുടർ നടപടി വിവരം ഫയലിൽ ഇല്ല. ആയതിനാൽ അപാകതയുണ്ടായിരുന്ന ബയോ ബിൻ അടപ്പുകളുടെ അപാകത പരിഹരിച്ചാണോ വിതരണം ചെയ്തതെന്ന് വ്യക്തമല്ല.

2). വാങ്ങിയതിനേക്കാൾ കൂടുതൽ ബയോ ബിന്നുകൾ വിതരണം ചെയ്തു

89/23പദ്ധതിക്കായി ഇ,നം 127/24.03.2023 പ്രകാരം സഹൃദയ ടെക് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ 1200 ബയോ ബിന്നുകളുടെ വിതരണ രജിസ്റ്റർ ഹാജരാക്കിയത് പരിശോധിച്ചു. ആയത് പ്രകാരം 1286 എണ്ണം വിതരണം ചെയ്തതായി കാണുന്നു. 86 എണ്ണം അധികം വിതരണം ചെയ്യാൻ സാധിച്ചതെങ്ങനെ എന്ന് വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ.33/23.01.2024 ന് മറുപടി ലഭ്യമാക്കിയില്ല)

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 അനധികൃത നിർമ്മാണം-തുടർ നടപടി സ്വീകരിച്ചില്ല.

നിലമ്പൂർ നഗരസഭയിൽ വാർഡ് 7 ൽ സർവ്വെ നമ്പർ BL/93/123/4-5 ൽ ശ്രീ.ജിതേഷ്.കെ, ചന്ദ്രൻ, ലിവിൻ വിൽസൺ എന്നവരുടെ ഉടമസ്ഥതയിലുള്ള 7/242 നമ്പർ (215.75ച.മീ ) വ്യവസായ കെട്ടിടത്തിൽ കൂട്ടി ചേർത്തിട്ടുള്ള 199 ച.മീ നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനാണ് 07.02.2023 ന് അപേക്ഷ (TP 1-2444) സമർപ്പിച്ചിട്ടുള്ളത്. സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ നാലുഭാഗവും അതിരിനോട് ചേർന്ന് ഷീറ്റ് വർക്ക് ചെയ്ത് സൈഡുകൾ ക്ലോസ് ചെയ്ത് സ്ഥാപനം പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടതിനാൽ കെട്ടിടത്തിന് ആവശ്യമായ സൈഡ് യാർഡ് ലഭ്യമല്ല എന്നും ആയതിനാൽ നിർമ്മാണം റഗുലറൈസ് ചെയ്യാവുന്നതല്ലെന്നും അനധികൃതമായി നിർമ്മിച്ച ഭാഗം ഒഴിവാക്കി കെട്ടിടത്തിന് ആവശ്യമായ സൈഡ് യാർഡ് ലഭ്യമാക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകിയതായും ഫയലിൽ (13.03.2023) രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന് യു.എ നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നതിന് R1-19144/22 തി.10.01.2023 നമ്പർ പ്രകാരം റിപ്പോർട്ട് നൽകിയതായും (22.03.2023) രേഖപ്പെടുത്തിയിട്ടുണ്ട്.

കെട്ടിടത്തിന് യു.എ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ/ തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ.34/24.01.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അനധികൃത നിർമ്മിതിക്കെതിരെ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-45 അനധികൃത നിർമ്മാണങ്ങൾ - നടപടി സ്വീകരിക്കേണ്ടതാണ്.

നിലമ്പൂർ നഗരസഭ 2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, ചില കെട്ടിടങ്ങൾ/ സൈറ്റുകൾ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 24.01.2024 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം, വിസ്തീർണ്ണം- ഫയൽ/ സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | പരിശോധനയിലെ കണ്ടെത്തലുകൾ/ അപാകതകൾ |
|---|---|---|
| 1 | ശ്രീ.സന്തോഷ് കുര്യാക്കോസ് & ശാന്തി സെബാസ്റ്റ്യൻ TP1-7454/21.04.2022<br>പ്ലോട്ട്- സ.നം. 17/5-6 (486 ച.മീ)<br>1/125 C, D 475.58ച.മീ<br>Basement Floor- 110.63 ച.മീ (98.88 Parking + 11.75 Toilets- Ladies Water Closet 1, Gents Water Closet 1, Urinals 1, Disability Toilet 1 )<br>Ground Floor- 170.54 ച.മീ<br>First Floor- 194.41 ച.മീ<br>നികുതി തരം- വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>Wef. 2022-23 First Half<br>Water Closet Required<br>376.70/5.9=64<br>Males= 2/3x64=42<br>Females=1/3x64=22 | കെട്ടിടത്തിന്റെ Ground Floor ലും First Floor ലും വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>കംപ്ലീഷൻ പ്ലാനിൽ Basement Floor ൽ Ladies Water Closet 1, Gents Water Closet 1, Urinals 1, Disability Toilet 1 എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ആയത് നിർമ്മിച്ചിട്ടില്ല.<br>കെട്ടിടത്തിന്റെ GF ന് പുറകുവശത്ത് താത്കാലികമായി ഒരു ടോയ്ലറ്റ് മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| | For Males= 42/25=2 Nos<br>For Females- 22/15=2 Nos<br>Urinals Required- 42/25=2 Nos | |
| 2 | ശ്രീ.കിഷോർ.എ.ടി<br>TP1-10856/08.07.2022<br>പ്ലോട്ട്- സ.നം. 93/63/4, 93/63/4-2 (625 ച.മീ)<br>9/940 J- 272.55ച.മീ<br>GF- 107.40 ച.മീ<br>FF-137.41 ച.മീ<br>Stair Cabin- 27.74 ച.മീ<br>നികുതി തരം- വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>Wef. 2022-23 First Half | കെട്ടിടത്തിന് രണ്ടാം നില ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം സ്റ്റീൽ ഷീറ്റ് മേൽക്കൂരയിട്ട് നിർമ്മിച്ചിട്ടുണ്ട്. |
| 3 | ശ്രീ.അനീസ്.പി.വി, അബ്ദുൾ ഖാലിദ്, അബൂബക്കർ<br>TP1-11729/29.07.2022<br>പ്ലോട്ട്- സ.നം. 92/180/2-2 (365 ച.മീ)<br>31/409 B- 271.74 ച.മീ<br>31/409 C 276.72 ച.മീ<br>31/409 D – 22.73 ച.മീ<br>ആകെ- 571.19 ച.മീ<br>നികുതി തരം- വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>Wef. 2022-23 First Half | 1).ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ നിലവിൽ ലഭ്യമല്ല. പ്ലാനിൽ രേഖപ്പെടുത്തിയ Basement Floor- പാർക്കിംഗ് സ്ഥലം (പകുതിയിലധികം ഭാഗം) നിലവിൽ ഷട്ടറുകൾ സ്ഥാപിച്ച് വാഹനങ്ങൾക്ക് പ്രവേശിക്കാനാവാത്ത വിധം തറയുൾപ്പടെയുള്ള 2കടമുറികളും ടോയ്‌ലറ്റും ആക്കി മാറ്റിയിട്ടുണ്ട്.<br>2) GF ൽ 2 ടോയ്‌ലറ്റ് (Female 1 , Male1) , Wash Basin, Urinal, Special Toilet എന്നിവ കാണിച്ചിട്ടുണ്ടെങ്കിലും ആയത് നിർമ്മിച്ചിട്ടില്ല.<br>3) FF ൽ 2 ടോയ്‌ലറ്റ് (Female 1 , Male1) , Wash Basin, Urinal, Special Toilet എന്നിവ കാണിച്ചിട്ടുണ്ടെങ്കിലും ആയത് നിർമ്മിച്ചിട്ടില്ല. |

കെട്ടിട നിർമാണങ്ങൾ ക്രമവൽകരിക്കാവുന്നതാണോ എന്നത് പരിശോധിച്ച് അനധികൃത നിർമ്മാണങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതുമുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.39/24.01.2024 മറുപടി ലഭ്യമാക്കിയില്ല)

## 1-46 SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങലുകൾ നടത്തി

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 188/23 |
| പ്രൊജക്ടിന്റെ പേര് | നിലമ്പൂർ ജി യു പി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ. |
| അടങ്കൽ തുക | 454170/- രൂപ (MG- NR) |
| ചെലവ് തുക | 454170/- രൂപ |
| ബിൽ നമ്പർ. | 22150747002401256818/24-2-2023 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (ആർ.ടി) 26/2015/SPD തീയതി 28.05.2015, സ.ഉ (സാധാ) 97/2022/SPD തീയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി

സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അതിന് നൽകാവുന്ന വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ നിലമ്പൂർ ജി യു പി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം SIDCO യിൽ വാങ്ങിയ ഫർണീച്ചർ മേൽ പരാമർശിക്കപ്പെട്ട ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല.

പ്രൊജക്ട് പ്രകാരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | ഇനം | എണ്ണം | നിരക്ക് നികുതി ഉൾപ്പെടെ | ആകെ തുക |
|---|---|---|---|---|---|
| 1 | MJRI/ 22-23/65/12-10-22 | Steel Frame Bench With 18 Mm Rub Wood Top 180x30x45 Cm, 1.25x1.25 Sq Pipe (18G) Color Painted | 20 | 3894 | 77880 |
| 2 | Do | Steel Frame Desk With 18 Mm Rub Wood Top 180x40x75 Cm, 1.25x1.25 Sq Pipe (18G) Color Painted | 20 | 4800.25 | 96005 |
| 3 | MJRI/ 22-23/42/1-8-23 | Steel Frame Bench With 18 Mm Rub Wood Top 180x30x35/45 Cm, Color Painted | 30 | 3894 | 116820 |
| 4 | Do | Steel Frame Desk With Inner Shelves With Rub Wood 180x40x65/75 Cm Color Painted | 30 | 5449.25 | 163477 |
| | | | | Total | 454182 |
| | | നൽകിയ തുക | | | 454170 |

മേൽ പരാമർശിക്കപ്പെട്ട ഉത്തരവുകൾ പ്രകാരം ടെണ്ടർ നടപടിയിലൂടെ വാങ്ങേണ്ട ഇനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 48/25-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 454170 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടേണ്ടതുമാണ്.

## 1-47 പാലിയേറ്റീവ് ഉപകരണങ്ങൾ - ഉപയോഗപ്പെടുത്തുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 258/23 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകൽ. |
| അടങ്കൽ തുക | 500000/- രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 272438/- രൂപ |
| വൗച്ചർ നമ്പർ. | 6/22-23/14-3-2023 (58807 രൂപ)<br>10/22-23/26-4-23 (213631) |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്ര.നം | ഉപകരണങ്ങളുടെ പേര് | എണ്ണം | വില |
|---|---|---|---|
| 1 | Cervical And Lumbartraction | 1 | 48900 |
| 2 | Digital IFT | 1 | 35000 |
| 3 | Digital Tense | 1 | 17500 |
| 4 | Muscle Stimulatorunit-Diagnostic | 1 | 17062.50 |
| 5 | Computerised Ultra Sound Therapy | 1 | 24375 |
| 6 | Ankle Exerciser | 1 | 3500 |
| 7 | Quadricepstable | 1 | 40925.42 |
| 8 | Parallel Bar (Without Mirror) | 1 | 13125.42 |
| 9 | Shoulder Wheel | 1 | 18125.42 |
| 10 | Over Head Pulley | 1 | 5625 |
| 11 | Balance Board | 1 | 3500 |
| 12 | Finger Ladder | 1 | 4375 |
| 13 | Finger Exerciser (Table Top) | 1 | 262.50 |
| 14 | PEG Board | 1 | 3500 |
| | Tax | | 32623.74 |
| | TOTAL | | 268399 |

മേൽ 14 എണ്ണത്തിൽ ക്ര നം 1 KMSCL ൽ നിന്നും അവശേഷിക്കുന്നവ ടെണ്ടർ മുഖേന യോങ്ങ് എന്റർപ്രൈസസ് പാണ്ടിക്കാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.

അപാകതകൾ

1)ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല.

മേൽ ഉപകരണങ്ങളെല്ലാം ആശുപത്രിയിലെ ഒരു റൂമിൽ സൂക്ഷിച്ചിരിക്കുന്നതായി 22-1-24 ന് നടത്തിയ പരിശോധനയിൽ ബോധ്യമായി. ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്രദമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

2)ഉപകരണം വാങ്ങിയതിന് അധികതുക നൽകി

മേൽ പദ്ധതിയുടെ ഭാഗമായി Cervical And Lumbar Traction എന്ന ഉപകരണം (ക്ര നം 1) KMSCL ൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഇതിന് 58807/- രൂപ KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്തതിന് ഭാരത് മെഡിക്കൽ സിസ്റ്റം, ചെന്നൈ എന്ന സ്ഥാപനത്തിന്റെ 8-5-23 ലെ E- Invoice ആണ് പരിശോധനക്ക് ലഭ്യമാക്കിയത്. ആയതിൽ ഈ ഉപകരണത്തിന്റെ വില നികുതി ഉൾപ്പെടെ 54768 രൂപയാണ്. ഉപകരണത്തിന് 4039 രൂപ (58807-54768) അധികം നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ. 49/25-1-24, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-48 മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നില്ല

1997 ലെ കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ളോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക

അതത് മാസത്തെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് വകമാററി ചെലവഴിക്കാനും പാടില്ലാത്തതാണ്. എന്നാൽ നഗരസഭയിൽ നാളിതു വരെയും അത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചതായി കാണുന്നില്ല. നിലവിൽ 15 സ്ഥിരം കണ്ടിൻജന്റ് ജീവനക്കാർ നഗരസഭയിൽ ജോലി ചെയ്തു വരുന്നുണ്ട്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും( നം. 42/22-23/25.01.2023) മറുപടി ലഭ്യമാക്കിയില്ല. പെൻഷനബിൾ സർവ്വീസിലുള്ള ജീവനക്കാരുടെ കാര്യത്തിൽ ക്രമപ്രകാരം നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-49 സെൻട്രൽ പെൻഷൻ ഫണ്ട് - അപാകതകൾ പരിഹരിക്കേണ്ടതാണ്.

നഗരസഭയിൽ നിന്നും വിരമിച്ച ശ്രീ.വേലായുധൻ പി (ക്ലാർക്ക് റിട്ട.),ശ്രീമതി. ലീല കെ പി (സീനിയർ ക്ലാർക്ക് റിട്ട.),ശ്രീമതി.മാളുകുട്ടി (ഓഫീസ് അസിസ്റ്റന്റ് റിട്ട.)(01.10.2022 മുതൽ) എന്നീ റഗുലർ ജീവനക്കാർക്ക് പ്രതിമാസ പെൻഷൻ തുക വർഷം മുഴുവനും നഗരസഭ തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചു നൽകിയിട്ടുള്ളത്.പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ ആനുകല്യങ്ങൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണ് അനുവദിക്കേണ്ടത് എന്നിരിക്കെ ,ആയത് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് എപ്രകാരമെന്നും, നാളിതുവരെ തനത്ഫണ്ടിൽ നിന്നും വിരമിച്ച റഗുലർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ തുകയുടെ മുഴുവൻ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/2022-23/23.01.24)മറുപടിയായി ലഭ്യമാക്കിയ വിശദാംശങ്ങൾ പരിശോധിച്ചതിൽ, നഗരകാര്യ ഡയറക്ടറുടെ 23.02.2022 ലെ പി 7-13301/21(3)നം. കത്തിൽ പ്രകാരം 31.12.2021 വരെ 9,50,588 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കാനുണ്ട് എന്ന് വ്യക്തമായി.

എന്നാൽ ഇതുസംബന്ധിച്ച് നഗരസഭയിൽ പരിപാലിച്ചുപോരുന്ന രജിസ്റ്ററിൽ എത്രതുക ലഭിക്കാനുണ്ട് എന്നുള്ള വിവരം വ്യക്തമല്ല. കൃത്യമായി വിവരം രേഖപ്പെടുത്തേണ്ടതും ആക്ഷേപമുള്ള പക്ഷം നഗരസഭ ഡയറക്ടറുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ, 1996-ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9ാം ചട്ടത്തിലെ( 3) , (4) ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭ രൂപീകരിച്ച് നാളിതുവരെയും അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചതായി കാണുന്നില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-50 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

മരണപ്പെട്ടവരെയും അനർഹരായവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ (എസ് എഫ്സി-ബി) വകുപ്പിന്റെ 63/2021/ധന. തീയതി.02.08.2021ലെ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം സ്വീകരിക്കേണ്ട താഴെ പറയുന്ന തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതുമാണ്.

3) എല്ലാ പ്രാദേശിക സർക്കാർ പരിധികളുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റാ ഇൻഫർമേഷൻ കേരള മിഷൻ 'സേവന'യുമായി പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം

ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

4) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

ഇത്തരത്തിൽ 2022-23 വർഷത്തിൽ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.മേൽ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 31/22-23/23.01.24 )മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനമേതെന്നുപോലും അറിവായിട്ടില്ല.

സമയബന്ധിതമായി ക്ഷേമ പെൻഷൻ സസ്പെൻറ് ചെയ്യുവാൻ നടപടി സ്വീകരിക്കാത്തതിനാൽ മരണശേഷവും ക്ഷേമ പെൻഷൻ നൽകുന്ന സാഹചര്യമുണ്ടായിട്ടുണ്ട് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേരും വിലാസവും | മരണപ്പെട്ട തീയ്യതി | റിമാർക്സ് |
|---|---|---|---|
| 1 | മുഹമ്മദ് ഇല്ലിക്കൽ മമ്മുള്ളി ചന്തകുന്ന് പി ഒ<br>പെൻഷനർ ഐ ഡി - 112490200035<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്<br>ആധാർ നം. 629517624726 | 05.04.2022 | ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക്<br>05/22 മുതൽ 6/23 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു. അധികം അനവദിച്ച തുക 22,400 രൂപ (14x1600) |
| 2 | പാത്തുമ്മകുട്ടി ചീരങ്ങൽ വീട്, ബംഗ്ലാവ് റോഡ് ചന്തകുന്ന് നിലമ്പൂർ പി ഒ<br>പെൻഷനർ ഐ ഡി - 112490600704<br>വിധവ പെൻഷൻ ഗുണഭോക്താവ്<br>ആധാർ നം. 391108807139 | 25-8-2022 | ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക്<br>09/22 മുതൽ 6/23 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.<br>അധികം അനവദിച്ച തുക 16000രൂപ<br>(10x1600) |
| 3 | സീതാരാമൻ കെ എൻ വസന്തവിഹാർ കല്ലേമ്പാടം നിലമ്പൂർ പി ഒ<br>പെൻഷനർ ഐ ഡി - 112490201479<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്<br>ആധാർനം. 936760107153 | 22.09.2022 | ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക്<br>10/22 മുതൽ 6/23വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.<br>അധികം അനുവദിച്ച തുക<br>9x1600 = 14,400 രൂപ |
| 4 | പൂളക്കൽ നഫീസ പാടിക്കുന്ന് നിലമ്പൂർ പി ഒ<br>പെൻഷനർ ഐ ഡി - 112490200773<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ്<br>ആധാർനം. 500225565187 | 09.09.22 | ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക്<br>10/22 മുതൽ 6/23വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.<br>അധികം അനുവദിച്ച തുക<br>9x1600 = 14,400 രൂപ |

അധികമായി അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിച്ച്

വിവരം അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 50/2022-23/25.01.24- മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-51 വെള്ളക്കരം - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശിക

നഗരസഭയിലെ 10 പൊതു വാട്ടർ ടാപ്പുകൾക്ക് 03/2023 ൽ ലഭ്യമായ കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 18,199 നിരക്കിൽ വെള്ളക്കരം അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി നടത്തിയ ജോയന്റ് വെരിഫിക്കേഷൻ പ്രകാരം ടാപ്പുകളുടെ എണ്ണം 53ൽ നിന്നും 10 ആയി കുറഞ്ഞിട്ടുണ്ട്. ഓരോ മാസത്തെയും കറന്റ് ഡിമാന്റ് പ്രകാരം അതത് മാസം തന്നെ നഗരസഭ തുക അടവാക്കി വരുന്നുണ്ട്.

03/2023 ഡിമാന്റ് നോട്ടീസിൽ 67,82,850 രൂപ കുടിശ്ശികയും 1,33,047 രൂപ ഫൈൻ ഇനത്തിലും അടവാക്കാൻ നിർദ്ദേശിക്കുന്നുണ്ട്. ഇത്രയധികം കുടിശ്ശിക വന്നത് എപ്രകാരമെന്ന് പരിശോധിക്കേണ്ടതും കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർനടപടി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.ഇതു സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണെങ്കിലും തുടർ നടപടി വിവരം ലഭ്യമാക്കുകയുണ്ടായില്ല.
(ഓഡിറ്റ് എൻക്വയറി നം. 56/22-23/25.01.2024 – മറുപടി ലഭ്യമാക്കിയില്ല.)

## 1-52 വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പരിശോധന -അപാകതകൾ

നഗരസഭയിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു..

1)2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 53 പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും പൊരുത്തപ്പെടുത്തി അടുത്തമാസം അഞ്ചാംതീയ്യതിക്കകം /ഏഴാ തീയ്യതിക്കകം പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ആയത് പാലിക്കുന്നില്ല. വർഷാവസാനം മാത്രമാണ് അപ്രകാരം ചെയ്തിട്ടുള്ളത് ആയത് തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

**2) ബാങ്ക് / ട്രഷറി സ്റ്റേറ്റുമെന്റുകളിലെ Directlly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.**

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| **അക്കൗണ്ട് നം.** | **തുക (വർഷാവസാനം)** | **റിമാർക്സ്** |
|---|---|---|
| LSTB (Own Fund ) അക്കൗണ്ടിൽ (നം. 799013000000768) | 54,50,116 | 2022-23 വർഷത്തെ തുക |
| Bank Of Baroda (Own Fund ) അക്കൗണ്ടിൽ | 14,36,394 | ആയതിൽ 17.08.2021 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട് . ഇടപാടുകളുടെ വ്യക്തമായ വിവരം ലഭ്യമല്ല. |
| Union Bank (നം. 339902010012345) | 5,20,655 | 2020-21 വർഷത്തെ തുകകളാണ് ഇടപാടുകളുടെ വ്യക്തമായ വിവരം ലഭ്യമല്ല. |

**3)ബാങ്ക് / ട്രഷറി സ്റ്റേറ്റുമെന്റുകളിലെ Directlly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.**

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| **അക്കൗണ്ട് നം.** | **തുക (വർഷാവസാനം)** | **റിമാർക്സ്** |
|---|---|---|
| LSTB (Own Fund ) അക്കൗണ്ടിൽ (നം. 799013000000768) | 14,154 | 2022-23 വർഷത്തെ തുക |

| | | |
|---|---|---|
| Bank Of Baroda (Own Fund ) അക്കൗണ്ടിൽ | 76,72,581 | ആയതിൽ 13.08.2021 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട് . ഇടപാടുകളുടെ വ്യക്തമായ വിവരം ലഭ്യമല്ല. |
| Union Bank (നം. 339902010012345) | 85,926 | 2019-20,2020-21 വർഷത്തെ തുകകളാണ് ഇടപാടുകളുടെ വ്യക്തമായ വിവരം ലഭ്യമല്ല. |

തുകകൾ സ്ഥാപനത്തിന്റെ വരവാണോയെന്ന് ഉറപ്പാക്കി രശീതി നൽകി കണക്കിലെടുക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

**4) സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷത്തിലേക്ക് മാറ്റിയിട്ടില്ല.**

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | തുക (വർഷാവസാനം) | റിമാർക്സ് |
|---|---|---|
| LSTB (Own Fund ) അക്കൗണ്ടിൽ (നം.799013000000768) | 68,653 | 2022-23 വർഷത്തെ തുക |
| Bank Of Baroda (Own Fund ) അക്കൗണ്ടിൽ | 47,59,622 | ആയതിൽ 04.08.2021 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട് . |
| Union Bank (നം. 339902010012345) | 3,01,73,790 | 14.03.2016 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട് . |

**5) ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല.(Cheque Deposited But Not Cleared By Bank / Treasury) ആയതിൽ നാളിതുവരെയും യാതൊരു തുടർനടപടി സ്വീകരിച്ചതിന്റെയും വിവരം ലഭ്യമല്ല.**

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | തുക (വർഷാവസാനം) | റിമാർക്സ് |
|---|---|---|
| LSTB (Own Fund ) അക്കൗണ്ടിൽ (നം. 799013000000768) | 10,737 | 2022-23 വർഷത്തെ തുക |
| Bank Of Baroda (Own Fund ) അക്കൗണ്ടിൽ | 30,94,156 | ആയതിൽ 04.08.2021 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട് . |
| Union Bank (നം. 339902010012345) | 3,01,73,790 | 10.01.2022 മുതലുള്ള ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട് . പലതിന്റെയും വ്യക്തമായ വിവരം ലഭ്യമല്ല. |

ഏതാനും ബാങ്ക് അക്കൗണ്ടുകളിലെ അപാകതയാണ് മേൽ സൂചിപ്പിച്ചത്. ഇത്തരം ക്രമക്കേടുകൾ സാമ്പത്തിക ക്രമക്കേടുകൾക്ക് പിന്നീട് കാരണമാകുന്നതിനാൽ നഗരസഭയുടെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളും ഇത്തരത്തിലുള്ള അപാകത പരിശോധിച്ച്, അപാകത പരിഹരിച്ച്/ക്രമീകരിച്ച് വ്യക്തമായ റിമാർക്സ് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
( ഓഡിറ്റ് എൻക്വയറി നം. 43/22-23/25.01.23 -മറുപടി ലഭ്യമാക്കിയില്ല.)

## 1-53 തെരുവ് വിളക്ക് പരിപാലനം; വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 19,67,506 രൂപ ചെലവഴിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ നഗരസഭയിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ

രേഖപ്പെടുത്തിയ രജിസ്റ്റർ / രേഖകൾ എന്നിവ പരിപാലിക്കുന്നില്ല. നിലമ്പൂർ ,കരുളായി ,പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ ഡിവിഷനുകളിൽ ഉൾപ്പെട്ടതാണ് നഗരസഭയിലെ തെരുവ് വിളക്കുകൾ.

അതോടപ്പം ,നഗരസഭയിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവയും ലഭ്യമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 45/22-23/ 25.01.2023)മറുപടി ലഭ്യമാക്കിയില്ല.

തെരുവ് വിളക്കുകൾ സംബന്ധിച്ച് മേൽ വ്യക്തമായ രേഖകൾ സൂക്ഷിക്കാത്തതിനാൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ടാകുന്നുണ്ട്.

1)തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണി, പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക് പ്രതിവർഷം നഗരസഭ വൻതുക ചെലവഴിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ആവശ്യമായ തുക തന്നെയാണോ ഒടുക്ക് വരുത്തുന്നത് എന്ന് കണ്ടെത്താൻ സാധിക്കുന്നില്ല.

2)സ്ഥാപിക്കപ്പെടുന്ന തെരുവ് വിളക്കുകൾ ഗ്യാരണ്ടി / വാറണ്ടി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് കേടാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അതുവഴി നഗരസഭക്ക് അർഹമായ സേവനം നേടുന്നതിനും സാധിക്കുന്നില്ല.

3)ഹൈമാസ്റ്റ്, മിനിമാസ്റ്റ്, മറ്റ് തെരുവ് വിളക്ക് മീറ്ററുകൾ എന്നിവയുടെ വ്യക്തമായ വിവരം സാക്ഷിക്കാത്തതിനാൽ ഇവയുടെ വൈദ്യുതി ബില്ലുകൾ യഥാസമയം ഒടുക്ക് വരുത്തുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതുവഴി മേൽ പരാമർശിക്കപ്പെട്ട തരത്തിലുള്ള പാഴ്ച്ചെലവുകൾ , വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്ക് വരുത്താത്തതിനാലുള്ള പിഴ എന്നിവ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-54 തെരുവ് വിളക്കുകളുടെ എ എം സി- അപാകതകകൾ

പ്രോജക്റ്റ് നം. 156/23

പദ്ധതി- തെരുവ് വിളക്കുകളുടെ എ എം സി നൽകൽ

വിനിയോഗിച്ച തുക – 3,65,733 രൂപ (പ്ലാൻ -ജനറൽ)

BRN – 2215074700001451702/23.03.23 – 3,65,733 രൂപ

ഇ- ടെണ്ടർ മുഖേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും നെഗോഷിയേഷൻ നടത്തി കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഡെക്കാൻ അസോസിയേറ്റ്സ് മയ്യിൽ കണ്ണൂർ എന്ന സ്ഥാപനം മുഖേനയാണ് പ്രവൃത്തി നടപ്പാക്കിയത് .പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)തെരുവ് വിളക്കുകളുടെ എ എം സി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി .എ 3/ 2011/ തസ്വഭവ തീ.15.09.2011 പ്രകാരവും സ്ഥാപനവും കരാറുകാരനുമായി ഉണ്ടാക്കിയ ഉടമ്പടിയിലെ(07.11.22ന് ഒപ്പുവെച്ച ഉടമ്പടി ) നിബന്ധന ഒന്ന് പ്രകാരവും, തെരുവ് വിളക്ക് എ എം സി ക്ക് മുൻപായി സ്ഥാപനവും ,കരാറുകാരും കെ എസ് ഇ ബിയും സംയുക്തപരിശോധന നടത്തേണ്ടതും കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കേണ്ടതുമാണ് . എന്നാൽ അപ്രകാരമുള്ള സംയുക്തപരിശോധന നടത്തിയതായി വിവരമില്ല.

2) മേൽ സർക്കുലർ പ്രകാരം കെ എസ് ഇ ബിയുടെ മേൽനോട്ടത്തിൽ പ്രവൃത്തി നടത്തണം എന്നാൽ പ്രവൃത്തി നടത്തിയത് സംബന്ധിച്ച് കെ എസ് ഇ ബിയുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. കൗൺസിലർമാർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. നിലമ്പൂരിന് പുറമെ പൂക്കോട്ടുംപാടം, കരുളായി ഇലക്ട്രിക്കൽ ഡിവിഷനിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളും നഗരസഭയിലുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട കെ എസ് ഇ ബിയുമായി കത്തിടപാട് നടത്തിയതിന്റെ വിവരവും ലഭ്യമല്ല. പ്രവൃത്തി നടത്തിയതു സംബന്ധിച്ച് കെ എസ് ഇ ബിയുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

3) പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ എസ് എ നിലവാരത്തിലുള്ളവയാകണമെന്നും , സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടരുത് എന്നും മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള നിർദ്ദേശം പരിശോധിക്കാതെയും പരിഗണിക്കാതെയുമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 53/22-23/25.01.24 )മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-55 സെക്രട്ടറിയുടെ ശമ്പളം തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

1994ലെ കേരള മുനിസിപ്പൽ ആക്ട്, സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 2022-23 വർഷത്തിൽ മുനിസിപ്പൽ സെക്രട്ടറി ശ്രീ. ബിനുജി ജി യുടെ ശമ്പളവും ട്രഷറിയിൽ നിന്നും പിൻവലിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തനതു ഫണ്ടിൽ നിന്ന് സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 46/22-23/25.01.24-മറുപടി ലഭ്യമാക്കിയില്ല. തുക തിരിച്ചടവാക്കിയിട്ടില്ല എന്ന് വാക്കാൽ അറിയിക്കുകയാണ് ചെയ്തത്. ഈ ഇനത്തിൽ നാളിതുവരെ അടവാക്കാനുള്ള മുഴുവൻ തുകയും തിരിച്ചടവാക്കി വിവരമറിയിക്കേണ്ടതാണ്. പേ ബിൽ രജിസ്റ്റർ (ഫോറം 51 B) പ്രകാരം അടിസ്ഥാന ശമ്പളം ,ഡി എ, ഇനത്തിൽ (വാടക ക്വാർട്ടേഴ്സ് ലഭ്യമാകുന്നതിനാൽ എച്ച് ആർ എ ഇല്ല. സി സി എയും ഇല്ല)3/2022 മുതൽ 2/23 വരെ ആകെ 7,28,210 രൂപ സെക്രട്ടറിക്ക് അനുവദിച്ചിട്ടുണ്ട്.

## 1-56 ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി തനതുഫണ്ടിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/2022-23/ 25.01.24 ) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 9,45,571 (2,45,101 +5,73,146+ 1,27,324)രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-56-1 സ്റ്റോക്ക് ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.

2022-23 വർഷത്തിൽ പർച്ചേസ് നടത്തിയ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളുടെ സ്റ്റോക്ക് ഇഷ്യൂ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200315/ 05.07.22 | 67,625 | വിവിധ ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ നൽകിയതിന് ഗ്രാമലക്ഷ്മി മുദ്രാലയം തിരുവനന്തപുരത്തിന് നൽകിയ തുക |
| 2 | 22200865/02.12.2022 | 1,14,899 | A4 പേപ്പർ, ഫയൽ ബോർഡ്,ക്ലോത്ത് കവർ എന്നിവ നൽകിയതിന് ഗ്രാമലക്ഷ്മി മുദ്രാലയം തിരുവനന്തപുരത്തിന് നൽകിയ തുക |
| 3 | 22201074/23.01.2023 | 35,280 | ഫോറംAനല്കിയതിന്ഗ്രാമലക്ഷ്മിമുദ്രാലയംതിരുവനന്തപുരത്തിന് നൽകിയ തുക |
| 4 | 22201131/03.02.2023 | 12,209 | ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ നൽകിയതിന് ഗ്രാമലക്ഷ്മി മുദ്രാലയം തിരുവനന്തപുരത്തിന് നൽകിയ തുക |
| 5 | 22201392/21.03.2023 | 15,088 | ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ നൽകിയതിന് ഗ്രാമലക്ഷ്മി മുദ്രാലയം തിരുവനന്തപുരത്തിന് നൽകിയ തുക |
| | ആകെ | 2,45,101 | |

മേൽ വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-56-2 ചെലവുരേഖകൾ ലഭ്യമാക്കിയില്ല.

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | 22200 158/ 21.05.22 | 3,30,000 | മഴക്കാല പൂർവ്വശുചീകരണത്തിനായി 33 വാർഡുതല ശുചിത്വ സമിതികൾക്ക് നൽകിയ തുക<br>- ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ് |
| 2 | 22200191/ 02.06,22 | 11,235 | 92/383സർവ്വേ നമ്പർ ഭൂമിയുടെ (മുതുകാട് ) നാളിതുവരെയുള്ള ഭൂനികുതി അടവാക്കിയ തുക<br>- തുക അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| 3 | 22200803/ | 50,840 | പി എം എ വൈ വീടുകളുടെ ജിയോ ടാഗ് ചെയ്യതിന് |

| | | | |
|---|---|---|---|
| | 19.11,22 | | മുനീർ എന്നയാൾക്ക് നൽകിയ തുക<br>- പ്രവൃത്തി ചെയ്യുന്നതിന് സേവനദാതാവിനെ തെരഞ്ഞടുക്കുന്നതിന് ജി ഒ (പി) നം. 259/2010/ ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ജിയോ ടാഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| 4 | 22200829/ 28.11,22 | 46,334 | Hospo Spreads And Sheets എന്ന സ്ഥാപനത്തിന് 2020-21 വർഷത്തിൽ ശുചീകരണ ജീവനക്കാർക്ക് യൂനിഫോറം വിതരണം നടത്തിയതിന് നൽകിയ തുക<br>-സ്ഥാപനത്തെ തെരഞ്ഞടുക്കുന്നതിന് ജി ഒ (പി) നം. 259/2010/ ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം, യൂനിഫോറം വിതരണം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| 5 | 22201076/ 24.01,23 | 23,831 | ഹെഡ്മാസ്റ്റർ ജി എൽ പി എസ് വീട്ടികുത്തിന് കണ്ടിജന്റ് ചെലവുകൾക്ക് അനുവദിച്ച തുക<br>- ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ് |
| 6 | 22201119/ 01.02,23 | 20,000 | സ്റ്റുഡന്റ് പോലിസ് കേഡറ്റ് (ഗവ.മാനവേതൻ ഹയർസെക്കണ്ടറി സ്കൂൾ നിലമ്പൂർ)ന്റെ ചെലവുകൾക്ക് നൽകിയ തുക<br>- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 7 | 22201121/ 02.02,23 | 20,000 | സ്റ്റുഡന്റ് പോലിസ് കേഡറ്റ് (എൻ എസ് എസ് ഹയർസെക്കണ്ടറി സ്കൂൾ നിലമ്പൂർ)ന്റെ ചെലവുകൾക്ക് നൽകിയ തുക<br>- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 8 | 22201202/ 16.02,23 | 44,634 | പുതിയതായി ആരംഭിച്ച കാത്തിരിപ്പ് കേന്ദ്രത്തിന്റെ വയറിഗ് ജോലികൾക്കായി റഷീദ് പി , റിഷീഷ് ഇലക്ട്രിക്കൽസ് നിലമ്പൂരിന് നൽകിയ തുക<br>-പ്രവൃത്തി ചെയ്തതിന്റെ വിവരം, സ്ഥാപനത്തെ തെരഞ്ഞടുക്കുന്നതിന് ജി ഒ (പി) നം. 259/2010/ ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. |
| 9 | 22201202/ 16.02,23 | 26,272 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന് സോപ്പ് വാങ്ങിയ ഇനത്തിൽ നൽകിയ തുക(സാനിറ്റേഷൻ ജീവനക്കാർക്ക്)<br>-സ്ഥാപനത്തെ തെരഞ്ഞടുക്കുന്നതിന് ജി ഒ (പി) നം. 259/2010/ ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം<br>- സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല. |
| | ആകെ | 5,73,146 | |

ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-56-3 ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.**

ഓഡിറ്റ് വർഷം വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200049/16.04.22 | 6786 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൂക്കോട്ടുംപാടത്തിന് വാർഡ് 22 ൽ 25 എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നൽകിയ തുക<br>-സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം |
| 2 | 22200310/04.07.22 | 12,980 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് പൂക്കോട്ടുംപാടത്തിന് വാർഡ് 22ൽ രാമംകുത്ത് റെയിൽവേ അടിപാതയുടെ അടുത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നൽകിയ തുക<br>-സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം |
| 3 | 22200310/04.07.22 | 6,551 | രാമംകുത്ത് റെയിൽവേ അടിപാതക്ക് സമീപം ഡൈനേജ്, ടെക്പാത്ത് എന്നിവയുടെ നിർമ്മാണത്തിന് തടസ്സമായി നിൽകുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , പാത നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം |
| 4 | 22200949/17.12.22 | 54,070 | വീട്ടികുത്ത് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം |
| 5 | 22200999/05.01.23 | 5171 | മയ്യന്താനി മുതൽ റോഡ് ഡ്രൈനേജ് പ്രവൃത്തിക്ക് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം |
| 6 | 22201167/08.02.23 | 17,371 | വല്ലപ്പുഴ എസ് ടി കോളനി ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം |
| 7 | 22201206/16.03.23 | 13,970 | മുതീരി എസ് ടി കോളനി പാത്ത് വേ നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം |

| | | | |
|---|---|---|---|
| 8 | 22201207/16.03.23 | 10,425 | ഇയ്യമട എസ് ടി കോളനി പാത്ത് വേ പ്രവൃത്തിക്ക് തടസ്സമായ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം |
| | ആകെ | 127324 | |

പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-57 നഗരസഭ ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - അപാകതകൾ

പ്രോജക്റ്റ് നം. 34/23

പദ്ധതി: നഗരസഭ ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ

വിനിയോഗിച്ച തുക – 2,63,586 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് )
വൗച്ചർ നം. 22201449/31.03.23 – 53,000 രൂപ

വൗച്ചർ നം. 22201448/31.03.23 – 2,10,586 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം ഫർണ്ണിച്ചർ വാങ്ങിയിട്ടുള്ളത് സിഡ്കോ മഞ്ചേരി മുഖേനയാണ് (ഇൻവോയിസ് നം. MJRI/ 22-23/368 തീ. 23.03. 23)

സ.ഉ (സാധാ) നം. 97/2022/ എസ് പി ഡി തീ. 23.12.22 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ മേൽ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ നഗരസഭ വാങ്ങിയ താഴെ പറഞ്ഞവ മേൽ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

| ക്രമനം. | ഇനം | നിരക്ക് (18% G S T ഉൾപ്പെടെ) | എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| 1 | Executive High Back Revolving Chair (Modern Type ) | 11,568 | 2 | 127253 രൂപ |
| 2 | Steel Table With One Cupboard And 3 Drawer,18 Mm Laminated Board Top<br>-Size 150x 75x 75 Cm (20G) | 6800 | 6 | |
| 3 | Plain Table With Steel Frame And Wooden Top<br>-Size 180x 90x 75 Cm | 9201 | 2 | |
| 4 | Hard Wood Table<br>15 L X 4 W Feet -Oval Shape ,Frame Thickness 4” | 44,915 | 1 | |

ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി പർച്ചേസിംഗ് നടത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32 /22-23/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെണ്ടർ കൂടാതെ വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,27,253 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-58 വയോജനങ്ങൾക്ക് കട്ടിൽ (എസ് സി ) പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 29/23

പദ്ധതി: വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ )

വിനിയോഗിച്ച തുക – 3,69,750 രൂപ (പ്ലാൻ -ജനറൽ)

(ബിൽ റഫറൻസ് നം.22150747001000845781/22-23/30.11.22 – 1,47,900

ബിൽ റഫറൻസ് നം.221507470010009555 1/22-23/24.12.22 – 2,21,850)

നിർവ്വഹണം - സെക്രട്ടറി

സിഡ്കോ മുഖേന 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക കൗൺസിൽ അംഗീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) പരിശോധനക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ ഗുണഭോക്താക്കൾ 2020-21 വർഷത്തെ പ്രോജക്റ്റ് നം. 320/21 പ്രകാരം ആനുകൂല്യം കൈപ്പറ്റിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഹാജരാക്കിയ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റും 2020-21 വർഷത്തെതാണ്. പ്രോജക്റ്റ് നം. 29/23 പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3)സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.22/2018/ തസ്വഭവ തീ.14.02.2018 പ്രകാരം 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹത എന്നാൽ 60 വയസ്സ് തികയാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയിട്ടുണ്ട് കാരണം വ്യക്തമല്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ജനനതീയ്യതി ( ആധാർ കാർഡ് പ്രകാരം ) |
|---|---|---|
| 1 | രാമചന്ദ്രൻ പയ്യംപള്ളി പുല്ലഞ്ചേരി വീട് | 01.01.1963 |
| 2 | രാമചന്ദ്രൻ പരമേശ്വരത്ത് കോവിലകത്ത്മുറി നിലമ്പൂർ പി ഒ | 01.01.1965 |
| 3 | മീനാക്ഷിയമ്മ മഠത്തിൽ പള്ളിയാലിൽ കോവിലകത്ത്മുറി നിലമ്പൂർ പി ഒ | 01.01.1969 |

4)സ.ഉ (സാധാ) നം. 97/2022/ എസ് പി ഡി തീ. 23.12.22 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ വാങ്ങൽ നടപടികൾ പാലിക്കാതെ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO സ്വയം നിർമ്മിച്ചതും ഈ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ളതുമായ SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ വിതരണം നടത്തിയ കട്ടിൽ (Wooden Cot With 8mm Plywood Top Size 198 L X 90 W Front Leg 60cm Height,Back Leg 50 Cm Height) മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-23/23.01.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ടെണ്ടർ നടപടി കൂടാതെ SIDCO യിൽ നിന്ന് വാങ്ങൽ നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവുതുക 3,69,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 15.01.2024 മുതൽ 17.01.2024 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| 1 | 22200049/16.04.22 | 6786 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൂക്കോട്ടുംപാടത്തിന് വാർഡ് 22 ൽ 25 എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നൽകിയ തുക<br>-സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം | ലഭ്യമല്ല | 6786 |
| 2 | 22200310/04.07.22 | 12,980 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് പൂക്കോട്ടുംപാടത്തിന് വാർഡ് 22ൽ രാമംകുത്ത് റെയിൽവേ അടിപാതയുടെ അടുത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നൽകിയ തുക<br>-സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം | ലഭ്യമല്ല | 12,980 |
| 3 | 22200310/04.07.22 | 6,551 | രാമംകുത്ത് റെയിൽവേ അടിപാതക്ക് സമീപം ഡ്രൈനേജ്, ടെക്പാത്ത് എന്നിവയുടെ നിർമ്മാണത്തിന് തടസ്സമായി നിൽകുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , പാത നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം | ലഭ്യമല്ല | 6,551 |

| | | | | | |
|---|---|---|---|---|---|
| 4 | 22200949/17.12.22 | 54,070 | വീട്ടികത്ത് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം | ലഭ്യമല്ല | 54,070 |
| 5 | 22200999/05.01.23 | 5171 | മയ്യന്താനി മുതൽ റോഡ് ഡ്രൈനേജ് പ്രവൃത്തിക്ക് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം | ലഭ്യമല്ല | 5171 |
| 6 | 22201167/08.02.23 | 17,371 | വല്ലപ്പുഴ എസ് ടി കോളനി ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം | ലഭ്യമല്ല | 17,371 |
| 7 | 22201206/16.03.23 | 13,970 | മുതീരി എസ് ടി കോളനി പാത്ത് വേ നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം | ലഭ്യമല്ല | 13,970 |
| 8 | 22201207/16.03.23 | 10,425 | ഇയ്യമട എസ് ടി കോളനി പാത്ത് വേ പ്രവൃത്തിക്ക് തടസ്സമായ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | ലഭ്യമല്ല | 10,425 |

| | | | | | |
|---|---|---|---|---|---|
| | | | നിലമ്പൂരിന് നൽകിയ തുക<br>- പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം | | |
| | ആകെ | 127324 | | | 127324 |

പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | തൻ വർഷ വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് (മുതൽ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| ഭവനപദ്ധതി | ലഭ്യമല്ല | 0 | 84960000 | 18382278 | 66577722 |

കുറിപ്പ്

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് നഗരസഭ ലഭ്യമാക്കിയ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അപാകത വാർഷിക കണക്കുകളുടെ അപാകതയായി ഖണ്ഡിക 1-1-5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 57792/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2019-20 | 1-16 | 2028 | ശ്രീ.ഖാലിദ് പി എം,PWD കോൺട്രാക്റ്റർ | 121200104118/23.07.2022 |
| 2019-20 | 1-17 | 5764 | ശ്രീ.ഖാലിദ് പി എം,PWD കോൺട്രാക്റ്റർ | 121200104119/23.07.2022 |
| 2014-15 | 2,3 | 50,000 | ശ്രീ.അബ്ദുൽ നാസർ എം ടി | 121200110394/05.01.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44,45 | 2001-02 | ........ | മരാമത്ത്- അധികചെലവ് | നടപടി തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2007-08 | 3-13 | 2010-11 | ....... | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു. |
| | | 2012-13 | ....... | ഖരമാലിന്യ പരിപാലനം, പ്രവർത്തനാവലോകന റിപ്പോർട്ട് | നടപടി തുടരുന്നു. |
| 2012-13 | 3-1<br>3-2 | 2012-13 | ........ | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു. |
| 2013-14, 2014-15 | 2(3) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |
| 2015-16 | 2(8) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1999-00 | 58 (70, (7), (9) | എം.വി മഹിധരൻ, സെക്രട്ടറി | LF.12622/ സ്പെ.സെൽ/എസ്.സി 5/05/23.12.18/ 01.01.09 | 34,600 | Disposed |
| 2 | 1998-99 | 48(1), (2), 49, 50(16), 65, 76, 77, 81, 85(p), 89(1), 90 (2), (3), 91(1), (3), (4) | എം.വി മഹിധരൻ, സെക്രട്ടറി | LF.11513/സ്പെ.സെൽ/ എസ് സി 5/04/ 25.09.06/ 01.03.07 | 282674 | Disposed On 31-08-2015 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 20,40,70,048 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 19,88,66,833 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 72,11,802 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,64,104 | ശ്രീ. ബിനുജി ജി ,മുൻസിപ്പൽ സെക്രട്ടറി |
| 1-23 | 3,37,327 | ഡോ.അബൂബക്കർ.എൻ, മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) |
| 1-24 | 4,56,507 | ഡോ.അബൂബക്കർ.എൻ, മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) |
| 1-28 | 2,00,000 | ശ്രീ.ശ്യാം കുമാർ.പി.കെ, പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്യ നിർമ്മാർജ്ജന സെൽ) |
| 1-46 | 4,54,170 | ശ്രീമതി. സോളി തോമസ്, ഹെഡ് മിസ്ട്രസ്, (ജി എൽ പി സ്കൂൾ കരിമ്പുഴ). |
| 1-32 | 1,50,000 | ഡോ. ഷൗക്കത്തലി, സീനിയർ വെറ്ററിനറി സർജൻ |
| 1-33 | 15,000 | ഡോ. ഷൗക്കത്തലി വടക്കുമ്പാടം, സീനിയർ വെറ്ററിനറി സർജൻ |
| 1-34 | 2,16,000 | ഡോ. ഷൗക്കത്തലി വടക്കുമ്പാടം, സീനിയർ വെറ്ററിനറി സർജൻ |
| 1-35 | 10,89,900 | സുഫൈറത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-36 | 88,746 | സുഫൈറത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-37 | 25,97,474 | സുഫൈറത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-56-1 | 2,45,101 | ശ്രീ. ബിനുജി ജി ,മുൻസിപ്പൽ സെക്രട്ടറി |
| 1-56-2 | 5,73,146 | ശ്രീ. ബിനുജി ജി ,മുൻസിപ്പൽ സെക്രട്ടറി |
| 1-56-3 | 1,27,324 | ശ്രീ. ബിനുജി ജി ,മുൻസിപ്പൽ സെക്രട്ടറി |
| 1-57 | 1,27,253 | ശ്രീ. ബിനുജി ജി ,മുൻസിപ്പൽ സെക്രട്ടറി |
| 1-58 | 3,69,750 | ശ്രീ. ബിനുജി ജി ,മുൻസിപ്പൽ സെക്രട്ടറി |
| ആകെ | 72,11,802 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/978/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.02.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21(5)/14/2008 തി.17.02.2011 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009തി.03.05.2011 | 10 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.എം.21/21(5)/917/2009 തി. 03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21(5)/799/2009 തി. 03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 22 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി.21.02.2012 | 31 | |
| 2010-11<br>2011-12 | എൽ.എഫ്.എം.21/19/2013 തി.08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി.14.01.2015 | 39 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.21/314/2016 തി. 27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പിഎം21/ 2742/2016 തി. 02.02.2017 | 47 | |
| 2016-17 | കെ.എസ്.എ.എം.പിഎം21/ 2385/2017 തി. 24.11.2017 | 48 | |
| 2017-18 | കെ.എസ്.എ.എം.പിഎം21/ 2824/2018 തി. 17.01.2019/06.07.19 | 30 | |
| 2018-19 | കെ.എസ്.എ.എം.പിഎം21/1934/2022 തി. 24.08.2022 | 11 | |
| 2019-20 | കെ.എസ്.എ.എം.പിഎം21/1704/2022 തി. 08.11.2022 | 40 | |
| 2020-21 | കെ.എസ്.എ.എം.പിഎം21/1705/22/09-11-22 | 25 | |
| 2021-22 | കെ.എസ്.എ.എം.പിഎം21/3088/22/03-02-23 | 47 | |

**സീനിയർ ഡെപ്യൂട്ടിഡയറക്ടർ**

**മലപ്പുറം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 22-06-2023 and submitted on 20-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nilambur Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nilambur Municipality for the year 2022-2023

**Date: 02/03/2024**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Nilambur Municipality for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1)Asset Register is not uptodated

2)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios

ii. Notes on accounts

iii. Comparative amounts)

3)Calculated Worksheet of Depreciation of Fixed Assets is not produced for verification.

4)The figures of Opening Balance ,Receipt and Closing Balance of AUEGS etc are not tally with A F S

5)The Details of Loans availed is not produced for verification.

6)The Details as per schedule B-4 (except AUEGS)of Annual Financial Statement is not produced for verification

7)Advance Register is not uptodated.

8)The Details of Deposit Works -Expenditure of Rs. 16,000 as per schedule B-19 of Balance Sheet is not produced for verification.

9)The Receipt as per P P R Act( Rs.23,481),Licence Fees Arrear Demand (Rs.1,07,034 )etc are not tally with A F S

10)As year end abstract are not entered in the Demand Register, accuracy of the following recepts as per A F S are not verified.

| ITEMS | AMOUNT |
|---|---|
| Sale of Tender Form | 3228 |
| Sale of Forms(Others) | 26432 |
| Sale of Srap | 2500 |
| Rent on Stadium | 37200 |
| Regularisation Fees | 245343 |
| Profession Tax Traders Current (Collection) | 20,67,825 |
| Profession Tax Emplyees (Collection) | 68,58,221 |

11)Total Receipt of General Purpose Grant as per Annual Financial Statement is not tally with A C R

12)Audit Recovery collected of Rs 57,792 is not taken in to account

13)The Details of Interest on Deposit is not produced for verification.

14)Total Expenditure of Development Fund (General) ,S C P etc as per Grant statement andA C R are not tally with A F S(in spite of adjusting the figures of G O projects)

15)The deails of Finace Commission Grant (tied) and Finace Commission Grant (untied) are not produced for verfication. hence the accuracy of figures entered is not verified.

16)Some figures of A FS are accounted in fraction,not rounded to the nearest Rupees(Rules 58(4) of The Muncipality (Accounts )2007)

17)As the details of year end physical verification and reconciliation stocks and stores not produced for verfication,accuracy of figures as per Schedule B-14 of Balance Sheet is not verified.

18)The Details of Suspence of Rs.85,63,139 as per Schedule B-1 of Balance Sheet is not produced for verification

19)Per month Reconciliation Statement (Rules 53 of The Muncipality (Accounts )2007)of accounts was not prepared.

20)The details of Cheque Directly Credited by bank as per reconciliation statement of March 2023 of various accounts was not produced for verfication.

21)The details of Cheque Directly debited by bank as per reconciliation statement of March 2023 of various accounts was not produced for verfication.

22)Cheques which are not encashed more than 3 months was not entered under âÂÂStale ChequesâÂÂhead.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്